# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 നവംബർ 2 | ദീപം 56 | നാളം 34 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org





# വേണം നമുക്കൊരു പരിസ്ഥിതിമാനസാന്തരം

## ഫ്രാൻസിസ് പാപ്പായുടെ ലൗദാത്തെ ദേവും എന്ന പുതിയ അപ്പസ്തോലികപ്രബോധനത്തിന്റെ പശ്ചാത്തലത്തിൽ ഭൂമി അഭിമുഖീകരിക്കുന്ന പരിസ്ഥിതിപ്രത്യാഘാതങ്ങളെക്കുറിച്ച് ഒരു പഠനം




ടി. ദേവപ്രസാദ്


നമ്മുടെ ലോകം എങ്ങോട്ടാണ്? നമുക്കുചുറ്റും സംഭവിക്കുന്നവ എന്തേ നമ്മെ ആകുലപ്പെടുത്തുന്നില്ല? പ്രകൃതിദുരന്തങ്ങൾ ലോകത്താകെ തുടർക്കഥയാവുകയല്ലേ? കഴിഞ്ഞ രണ്ടു മാസങ്ങളിൽ പ്രകൃതിദുരന്തങ്ങളിൽ പൊലിഞ്ഞ ജിവിതങ്ങളെത്ര? എല്ലാം ഒരുതരം നിസ്സംഗതയോടെ കേട്ടുമറക്കുകയല്ലേ നമ്മൾ? ഒന്നും നമ്മെത്തേടിവരില്ലെന്ന മട്ടിലത്രേ നാം ജീവിക്കുന്നത്. 'ശീലോഹായിൽ ഗോപുരം വീണു മരിച്ചവർ പാപികളായതു'കൊണ്ടാണെന്നുകരുതി സമാധാനിച്ച ഫരിസേയരുടെ മനസ്സാണോ നമുക്ക്? ഭൂമികുലുക്കത്തിന്റെയും പ്രളയത്തിന്റെയും കഥകൾ ദിവസേനയെന്നോണം ഉണ്ടാകുന്നു. സാങ്കേതികവിദ്യയുടെ വളർച്ചയിലൂടെ ലോകം ഒരു ഗ്രാമംപോലെ ചെറുതായെങ്കിലും മനസ്സുകൊണ്ട് നാം എത്രയോ അകലത്തിലാണ്! ഹമാസ് ഭീകരർ ഇസ്രായേലിൽ ആഘോഷാരവങ്ങളിൽ പങ്കെടുത്തുകൊണ്ടിരുന്ന ഇസ്രായേൽക്കാരെ ചതിവിൽ കടന്നാക്രമിച്ചു നിരപരാധികളെ കശാപ്പുചെയ്ത ഒക്ടോബർ ഏഴുമുതൽ 15 വരെ അഫ്ഗാനിസ്ഥാനിൽ ഉണ്ടായത് മൂന്നു ഭൂകമ്പങ്ങളാണ്. ഓരോന്നിലും ആയിരംപേർ വീതം മരിച്ചെന്നാണ് ആദ്യവിവരങ്ങൾ. യുദ്ധകോലാഹലങ്ങൾക്കിടയിൽ അഫ്ഗാനിസ്ഥാനിൽ ഭൂകമ്പം നടന്നതുപോലും വാർത്തയായില്ല; അല്ലെങ്കിൽ ആരും ശ്രദ്ധിച്ചില്ല.

സെപ്റ്റംബറിൽ ലിബിയയിലെ വെള്ളപ്പൊക്കത്തിൽ മരിച്ചതു നാലായിരം പേർ എന്നാണു പുറത്തുവന്ന കണക്കുകൾ. മൊറോക്കോയിൽ സെപ്റ്റംബറിലുണ്ടായ ഭൂമികുലുക്കത്തിൽ മരിച്ചതു മൂവായിരം പേർ. അഫ്ഗാനിസ്ഥാനിലും ലിബിയയിലും മൊറോക്കോയിലും മരിച്ചവർ നമുക്ക് എണ്ണംമാത്രം. അവിടെ പൊലിഞ്ഞുപോയ ജീവിതങ്ങളുടെ കഥകൾ നമ്മെ സ്പർശിക്കുന്നില്ല; ആരും ആകുലപ്പെടുന്നുമില്ല. അതു യുക്രെനിലെ യുദ്ധത്തിൽ മരിക്കുന്ന കുട്ടികളായാലും ഹമാസുകാർ കശാപ്പുചെയ്യുന്ന ഇസ്രായേലികളായാലും നമുക്കു വ്യത്യാസമില്ല.

സിക്കിമിൽ ഒക്ടോബർ നാലിനു പുലർച്ചെ ഒന്നരയ്ക്കുണ്ടായ മേഘവിസ്ഫോടനത്തെത്തുടർന്നു സംഭവിച്ച മിന്നൽപ്രളയത്തിൽ നൂറുപേരെ കാണാതായി. ഒരുപക്ഷേ, അത് നാം അത്ര നിസ്സംഗതയോടെയാവില്ല വായിച്ചിരിക്കുക. നാമറിയുന്ന ആരെങ്കിലും പെട്ടുപോയോ എന്ന ഭീതി നമ്മുടെയുള്ളിൽ ഉയർന്നിരിക്കാം. മിന്നൽപ്രളയവും മേഘവിസ്ഫോടനവും കാലംതെറ്റിയുള്ള മഹാമാരികളും കൊടിയ വരൾച്ചയും സഹിക്കാനാവാത്ത സൂര്യതാപവും എല്ലാം അസാധാരണസംഭവങ്ങൾ അല്ലാതായി. സിക്കിമിൽ ജൂണിലും ഉണ്ടായി ഇത്തരമൊരു മഹാദുരന്തം.

സമീപകാലത്ത് എത്ര തവണയാണ് കേരളം പ്രളയം കണ്ടു നടുങ്ങിയത്. 2018 ഓഗസ്റ്റിൽ എന്തായിരുന്നു ദുരന്തം! 483 പേരാണു മരിച്ചത്. പത്തു പേരെ കാണാതായി.പത്തു ലക്ഷം പേരെ മാറ്റിപ്പാർപ്പിക്കേണ്ടിവന്നു. 14 ജില്ലകളിലും റെഡ് അലർട്ടായി. കേരളത്തിലെ ജനങ്ങളിൽ ആറിലൊന്നും വെള്ളപ്പൊക്കെടുതിയിലായി. ഒരിക്കലും വെള്ളം കയറില്ലെന്നു കരുതിയ സ്ഥലങ്ങളിൽവരെ വെള്ളമെത്തി. വീടുവിട്ടു ജോലി ചെയ്യുന്നവരെല്ലാം നാട്ടിലുള്ളവരെയോർത്ത് ആകുലപ്പെട്ടു.

2023 ഒക്ടോബർ രണ്ടാം വാരത്തിലും ഉണ്ടായി തലസ്ഥാനത്ത് പേമാരിയും വെള്ളപ്പൊക്കവും. സുരക്ഷിതമെന്നു കരുതിയിരുന്ന സ്ഥലങ്ങൾ വെള്ളത്തിൽ മുങ്ങി. വീടുകളിൽ വെള്ളം കയറി. വലിയ ദുരന്തങ്ങൾ ഉണ്ടായില്ലെങ്കിലും കയറിയ ചെളിവെള്ളം ഉണ്ടാക്കിയ കഷ്ടപ്പാടുകൾ എത്ര വലുതാണെന്ന് അനുഭവിച്ചവർക്കറിയാം. പൊഴി തുറന്നുവിട്ടിട്ടും കായലിലെ വെള്ളം കടലിലേക്കു പോകുന്നില്ല. സമുദ്രത്തിലെ ജലനിരപ്പ് ഉയരുന്നതാണു കാരണമെന്നു സാധാരണക്കാർവരെ തിരിച്ചറിയുന്നു.

നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങൾ പതിവുകാഴ്ചയായി. കാട്ടാന മാത്രമല്ല മയിലും കുരങ്ങും കടുവയും പുലിയും കാടുവിട്ടു പുറത്തുവരുന്നു. ടൗണിലിറങ്ങിയ കാട്ടാന വയോധികനെ ചവിട്ടിക്കൊന്നു. കേരളത്തിലെ മലയോരവിനോദസഞ്ചാരകേന്ദ്രങ്ങളിലേക്കു യാത്ര ചെയ്യാൻ പലർക്കും ഭയമായിരിക്കുന്നു.

**ലൗദാത്തെ ദേവും**

പ്രകൃതിയിലുണ്ടാകുന്ന ഈ മാറ്റങ്ങളെക്കുറിച്ച്, അതിനോടുള്ള സമൂഹത്തിന്റെ നിസ്സംഗമനോഭാവത്തിനുനേരെ കത്തോലിക്കാസഭയുടെ പരമാചാര്യനായ ഫ്രാൻസിസ് പാപ്പാ ഉയർത്തിപ്പിടിക്കുന്ന മുഖക്കണ്ണാടിയാണ് ഒക്ടോബർ നാലിന് അദ്ദേഹം പുറത്തിറക്കിയ 'ലൗദാത്തെ ദേവും' എന്ന പുതിയ അപ്പസ്തോലികപ്രബോധനം. ലൗദാത്തെ ദേവും എന്നാൽ ദൈവത്തിനു സ്തുതി എന്നാണ് അർഥം.

മാർപാപ്പാമാരുടെ അപ്പസ്തോലികലേഖനങ്ങൾ സാധാരണഗതിയിൽ വിശ്വാസിസമൂഹത്തോടാണെങ്കിൽ കാലാവസ്ഥാപ്രതിസന്ധിയെക്കുറിച്ചുള്ള ഫ്രാൻസിസ് മാർപാപ്പായുടെ ഈ അപ്പസ്തോലികപ്രബോധനം സുമനസ്സുകളായ എല്ലാവർക്കുമായാണ് എഴുതപ്പെട്ടിരിക്കുന്നത്. 2015 ൽ എഴുതിയ 'ലൗദാത്തോ സി' എന്ന ചാക്രികലേഖനത്തിന്റെ രണ്ടാം ഭാഗമോ പൂരകമോ ആണ് ഈ രേഖ.

കത്തോലിക്കാസഭയിൽനിന്നുപോലും എനിക്കു നേരിടേണ്ടിവരുന്ന യുക്തിരഹിതവും നിരാശാപൂർണവുമായ അഭിപ്രായങ്ങൾക്കുമധ്യത്തിലും വളരെ പ്രകടമായ ഈ സത്യങ്ങൾ പറയേണ്ടതു കടമയാണെന്നു ഞാൻ കരുതുന്നു എന്നു തുറന്നുപറഞ്ഞുകൊണ്ടാണ് പാപ്പാ ഈ പരിസ്ഥിതിയാഥാർഥ്യങ്ങൾ അവതരിപ്പിക്കുന്നത്.

ഈ അപകടകരമായ മാറ്റങ്ങളുടെ കാരണം, കഴിഞ്ഞ രണ്ടു നൂറ്റാണ്ടായി പ്രകൃതിയുടെമേൽ മനുഷ്യൻ നടത്തിയ അപകടകരമായ കടന്നുകയറ്റങ്ങളാണെന്ന് പാപ്പാ ഓർമിപ്പിക്കുന്നു. അഗ്നിപർവതസ്ഫോടനങ്ങൾപോലെയുള്ള സ്വാഭാവികകാരണങ്ങൾകൊണ്ടു സമീപദശകങ്ങളിലുണ്ടായ മാറ്റങ്ങളുടെ വേഗവും അളവും വിശദീകരിക്കാനാവില്ലെന്ന് മാർപാപ്പാ ചൂണ്ടിക്കാണിക്കുന്നു. ഉപരിതലതാപനിലയുടെ ശരാശരിയിലുള്ള മാറ്റം, ഗ്രീൻഹൗസ് വാതകങ്ങളുടെ വർധനയുടെ ഫലമെന്ന കാരണംകൊണ്ടല്ലാതെ വിശദീകരിക്കാനാകുന്നില്ല.

**ഭൂമി പേറുന്ന യാതനകൾ**

"എന്റെ സഹോദരരേ, യാതനയനുഭവിക്കുന്ന നമ്മുടെ ഗ്രഹത്തെക്കുറിച്ചും നമ്മുടെ പൊതുഭവനത്തെക്കുറിച്ചും എന്റെ ഹൃദയംഗമമായ ആകുലതകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിച്ചുകൊണ്ട് 'ലൗദാത്തോ സി' എന്ന ചാക്രികലേഖനം ഞാൻ പ്രസിദ്ധീകരിച്ചിട്ട് എട്ടുവർഷം കഴിയുന്നു. ഇക്കാലത്തെ അനുഭവങ്ങളിൽനിന്നു മതിയായ പ്രതികരണം നമ്മിൽനിന്നുണ്ടാകുന്നതായി തോന്നുന്നില്ല." മാർപാപ്പാ തുടക്കത്തിൽത്തന്നെ വേദനയോടെ അനുസ്മരിക്കുന്നു.

"നാം ജീവിക്കുന്ന ലോകം തകർന്നുകൊണ്ടിരിക്കുകയാണ്. ഒരു പൊട്ടിത്തെറിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. ഈ സാധ്യതയ്ക്കു പുറമേ, കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതം നിരവധി വ്യക്തികളുടെയും കുടുംബങ്ങളുടെയും ജീവിതങ്ങളെ കൂടുതൽ അപകടത്തിലാക്കുമെന്നതു സംശയാതീതമായ യാഥാർഥ്യമാണ്.

▸8

# പിഞ്ഞിയ ഉടുവസ്ത്രത്തിന് കസവു തുന്നുന്ന ഭരണാധികാരികൾ



ടോണി ചിറ്റിലപ്പള്ളി

ആഗോള പട്ടിണിസൂചികയിൽ ഇന്ത്യ ഈ വർഷം 111-ാം സ്ഥാനത്താണ്. അയൽരാജ്യങ്ങളായ പാക്കിസ്ഥാനും നേപ്പാളിനും ബംഗ്ലാദേശിനും ശ്രീലങ്കയ്ക്കും പിന്നിലായാണ് ഇന്ത്യ നിൽക്കുന്നത് എന്ന യാഥാർഥ്യം നാം വിസ്മരിച്ചുകൂടാ. കഴിഞ്ഞ സെപ്റ്റംബറിൽ പുറത്തുവന്ന മനുഷ്യവികസനസൂചികയിലും ഇന്ത്യ അയൽരാജ്യങ്ങളെക്കാൾ ഏറെ പിന്നിലായിരുന്നു. 2047 ഓടെ ഇന്ത്യ വികസിതരാജ്യമാകുമെന്ന് മോദിസർക്കാർ അവകാശപ്പെടുമ്പോഴാണ് ആഗോളസൂചികകളിലെല്ലാം പിന്നോട്ടുപോകുന്നത്.

ദുഷ്ടലാക്കോടെ തയ്യാറാക്കിയ പട്ടികയാണിതെന്ന കേന്ദ്ര സർക്കാരിന്റെ എല്ലാ വർഷങ്ങളിലെയും പ്രതികരണം ഇന്ത്യൻ ജനത ഇനിയും അപ്പാടെ വിഴുങ്ങുമോ? പട്ടിണിസൂചിക എന്നാണെങ്കിലും സൂചിക കണക്കാക്കാൻ ഉപയോഗിക്കുന്ന നാലു സൂചകങ്ങളിൽ മൂന്നെണ്ണവും കുട്ടികളുടെ ആരോഗ്യവുമായി ബന്ധപ്പെട്ടതാണ്. ഇത് മുഴുവൻ ജനസംഖ്യയെയും പ്രതിനിധീകരിക്കുന്നതല്ലെന്നതാണ് കേന്ദ്രത്തിന്റെ വാദം. എല്ലാ വർഷവും ഈ ആരോപണങ്ങൾ നിലനിൽക്കുമോ എന്നതും ചർച്ചയാണ്.

**വിശപ്പുമാറാത്ത ഇന്ത്യ**

ഡിജിറ്റൽ ഇന്ത്യയും തട്ടിപ്പു കഥകളും ചൂഷണങ്ങളും മുൻ ഗണനകളിലേക്കും ചർച്ചകളിലേക്കും കയറിവരുമ്പോൾ, വിശപ്പുമാറാത്ത ഇന്ത്യക്കാരന്റെ അടുക്കളയിൽ ദാരിദ്ര്യം മാത്രമേ പുകയുന്നുള്ളൂവെന്ന തിരിച്ചറിവിലേക്കു നാമിനിയും മടങ്ങേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ സമ്പത്തിന്റെ 70 ശതമാനവും 57 പേരുടെ കൈയിലാണ്. രാജ്യാന്തരതലത്തിൽ ദാരിദ്ര്യനിർമാർജനത്തിനായി പ്രവർത്തിക്കുന്ന ഓക്സ്ഫാമിന്റേതാണ് റിപ്പോർട്ട്. അതായത്, ലോകത്തെ മൊത്തം സമ്പത്തിന്റെ പകുതിയും എട്ടു പേരുടെ കൈയിലാണെന്നു സാരം. ഇന്ത്യയിലെ മൊത്തം സമ്പത്തിന്റെ 58 ശതമാനവും ഒരു ശതമാനംമാത്രം വരുന്ന അതിസമ്പന്നരുടെ പക്കലാണെന്നാണ് റിപ്പോർട്ടു പറയുന്നത്.

കഴിഞ്ഞ ഇരുപത്തിരണ്ടു വർഷത്തിനിടയിൽ ഇന്ത്യയിൽ 4,00,000 കർഷകർ ആത്മഹത്യ ചെയ്തിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയാറു വർഷങ്ങൾ കടന്നുപോയൊരു രാജ്യം 1921 നുശേഷമുള്ള ഏറ്റവും വലിയ പരിതാപകരമായ അവസ്ഥയിലേക്കു തകർന്നുവീണിരിക്കുന്നു. 2025 ഓടെ അഞ്ച് ട്രില്യൺ ഇക്കോണമിയായിത്തീരുമെന്നു വിചാരിക്കപ്പെടുന്ന, ലോകത്തിലെ ഏറ്റവും വലിയ അഞ്ചാമത്തെ രാജ്യം പട്ടിണിയുടെ പടുകുഴിയിലാണെന്നു നാം മനസ്സിലാക്കണം.

**ഇന്ത്യ സ്വയംപര്യാപ്തത കൈവരിച്ചോ?**

നാലു പതിറ്റാണ്ടിലേറെയായി ഭക്ഷ്യോത്പാദനത്തിൽ ഇന്ത്യ സ്വയംപര്യാപ്തത കൈവരിച്ചു. എന്നാൽ, ഇത് ഇന്ത്യയിൽ ഭക്ഷ്യസുരക്ഷ ഉറപ്പുനൽകുന്നില്ല. മിച്ച ഭക്ഷണമുണ്ടായിട്ടും വിശപ്പ് ഇപ്പോഴും തുടരുന്നത് വേദനാജനകമാണ്. ആഗോള പട്ടിണി സൂചികയുടെ റാങ്കിങ്ങിൽ കേന്ദ്ര സർക്കാർ ജാഗ്രതക്കുറവ് ആരോപിക്കുമ്പോൾ, അതിലും എത്രയോ ജാഗ്രതക്കുറവ് തെരുവിലെ കർഷകരുടെ കാര്യത്തിൽ ഉണ്ടാകുന്നു? ആലോചനയില്ലാത്ത നോട്ടുനിരോധനത്തിന്റെ പിറ്റേന്ന് ബാങ്കുകൾക്കു മുന്നിൽ ആശങ്കാകുലമായ വരികളിൽ തളർന്നു വീണ നിസ്സഹായരുടെ കാര്യത്തിൽ ജാഗ്രതക്കുറവുണ്ടായി. അങ്ങനെ, എത്രയെത്ര ജാഗ്രതക്കുറവുകൾ ഇനിയും ചൂണ്ടിക്കാട്ടണം?

**ഇന്ത്യയുടെ പട്ടിണിയുടെ കാരണങ്ങൾ?**

2019-21 ൽ നടത്തിയ നാഷണൽ ഫാമിലി ഹെൽത്ത് സർവേ (എൻ.എഫ്.എച്ച്.എസ്.) കാണിക്കുന്നത്, ഇന്ത്യയിലെ ചെറിയ കുട്ടികളിൽ ഗണ്യമായ അനുപാതം ഭക്ഷ്യ അരക്ഷിതാവസ്ഥയെ അഭിമുഖീകരിക്കുന്നു, ഇത് അവരുടെ വികസനത്തെയും ഭാവിക്ഷേമത്തെയുംകുറിച്ച് ആശങ്ക ഉയർത്തുന്നു എന്നതാണ്. പട്ടിണി ഭക്ഷണതിരഞ്ഞെടുപ്പുകളെ പരിമിതപ്പെടുത്തുകയും പട്ടിണിയുമായി ബന്ധപ്പെട്ട മരണങ്ങൾക്കു കാരണമായ ഘടകമാവുകയും ചെയ്യുന്നു. ഭക്ഷ്യവസ്തുക്കളുടെ നിരന്തരമായി ഉയർന്ന വിലയും, വികസനത്തിലെ പ്രാദേശിക അസമത്വങ്ങളും ജനങ്ങളെ ബാധിക്കുന്നു. ലിംഗഭേദം, ജാതി, പ്രായം തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ചിരിക്കും ഒരു വ്യക്തിയുടെ 'പോഷകാഹാരം'.

ഉദാഹരണത്തിന്, പെൺകുട്ടികളുടെയും പ്രായമായവരുടെയും പോഷകാഹാര ആവശ്യങ്ങൾ നമ്മുടെ സമൂഹത്തിൽ വേണ്ടത്ര അഭിസംബോധന ചെയ്യപ്പെടുന്നില്ല.

**സർക്കാർ നയങ്ങളുടെ ഫലപ്രദമായ നടപ്പാക്കലിന്റെ അഭാവം**

നിരന്തരപട്ടിണിക്കു പിന്നിലെ മറ്റൊരു പ്രധാന കാരണം സർക്കാർ നയങ്ങളുടെ മോശം നിർവഹണമാണ്. സംയോജിത ശിശുവികസനസേവനങ്ങളും ദേശീയ ആരോഗ്യദൗത്യവും മതിയായ പരിരക്ഷ നേടിയിട്ടില്ല. മൈക്രോ ന്യൂട്രിയന്റ് കുറവു (മറഞ്ഞിരിക്കുന്ന വിശപ്പ്)മൂലം സൂക്ഷ്മപോഷകങ്ങളുടെ അഭാവത്തിൽ ഇന്ത്യ കടുത്ത പ്രതിസന്ധി നേരിടുന്നു. തെറ്റായ ഭക്ഷണക്രമം, രോഗം, അല്ലെങ്കിൽ ഗർഭകാലത്തും മുലയൂട്ടുന്ന സമയത്തും നിറവേറ്റാത്ത മൈക്രോ ന്യൂട്രിയന്റ് ആവശ്യങ്ങൾ എന്നിവ ഇതിന്റെ കാരണങ്ങളിൽ ഉൾപ്പെടുന്നു.

ഇന്ത്യയിലെ സാമൂഹികമായി പിന്നാക്കം നിൽക്കുന്ന സമൂഹങ്ങളാണ് രാജ്യത്തെ മൊത്തം ദരിദ്രരായ ജനസംഖ്യയുടെ 80 ശതമാനത്തോളം വരുന്നത്. കുട്ടികളുടെ വലിയൊരു ശതമാനം ഈ സമുദായങ്ങളിലാണ് 21.90% ദാരിദ്ര്യനിരക്കുള്ള ഇന്ത്യൻ ജനസംഖ്യയുടെ ഗണ്യമായ ഒരു ഭാഗത്തെ ദാരിദ്ര്യത്തിൽനിന്നു കരകയറ്റാൻ രാജ്യം പാടുപെടുകയാണ്. സമീപവർഷങ്ങളിൽ സുസ്ഥിരമായ സാമ്പത്തിക വളർച്ച ഉണ്ടായിരുന്നിട്ടും, വരുമാന അസമത്വം, ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനും ആരോഗ്യസംരക്ഷണത്തിനുമുള്ള പരിമിതമായ പ്രവേശനം, പ്രാദേശിക അസമത്വങ്ങൾ എന്നിവ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ദാരിദ്ര്യം നിലനിൽക്കുന്നതിനു കാരണമാകുന്നു.

ആഗോള ജനാധിപത്യറാങ്കിങ്, ആഗോള ഹാപ്പിനെസ് ഇൻഡക്സ്, പ്രസ് ഫ്രീഡം ഇൻഡക്സ്, ഗവേർണൻസ് ഇൻഡക്സ്, ഹ്യൂമൻ ക്യാപ്പിറ്റൽ ഇൻഡക്സ്, ഗ്ലോബൽ വുമൺ പീസ് ആൻഡ് സെക്യൂരിറ്റി ഇൻഡക്സ് എന്നിവയിലെല്ലാം ഇന്ത്യ ബഹുദൂരം പിന്നിലാണ്. എല്ലാ മൂല്യങ്ങളുടെയും മാനദണ്ഡം പണമായിത്തീരുന്ന ഒരു സാമൂഹികക്രമത്തിൽ സാധാരണക്കാരൻ കേവലം അക്കമായി ചുരുങ്ങുന്നു എന്നതാണു പരമാർഥം. പിഞ്ഞിപ്പോകുന്ന ഉടുവസ്ത്രത്തിനു കസവു തുന്നുന്ന രാജ്യത്തെ ഭരണാധികാരികൾക്കു ദാരിദ്ര്യമെന്നത് വേലികെട്ടി മറയ്ക്കാൻ കഴിയുന്ന ഒരു യാഥാർഥ്യമായി ഇന്നും ഒതുങ്ങിപ്പോകുന്നു. നാട്ടിലെ പട്ടിണിയും പരിവട്ടവും പരിഹരിക്കാതെ കോടികൾ മുടക്കി ചന്ദ്രനിലേക്കും സൂര്യനിലേക്കും എന്തിനാണ് പേടകമയയ്ക്കുന്നത് എന്ന ചോദ്യവും ഉയരുന്നു. ■



**ശ്രേഷ്ഠമലയാളം**



ഡോ. ഡേവിസ് സേവ്യർ

# ഉടുപ്പും നടപ്പും

ദിവസവും ഒന്നിലേറെത്തവണ ഉപയോഗിക്കുന്ന ചില വാക്കുകൾ ഉണ്ട്. അവയിൽ ഒന്നാണ് ഉടുപ്പ് എന്ന പദം. ഉടു എന്ന ധാതുവിനോട് പ്പ് ചേർത്താൽ ഉടുപ്പ് എന്ന ശബ്ദം ഉണ്ടാകും. ക്രിയകളിൽനിന്ന് നാമങ്ങളെ നിഷ്പാദിപ്പിക്കാൻ പ്പ് എന്ന കൃത്പ്രത്യയം ചേർക്കുന്ന പതിവുണ്ട്. അങ്ങനെ ഉടുക്കുക എന്ന ക്രിയയിൽനിന്ന് ഉടുപ്പ് എന്ന നാമം ജനിക്കുന്നു. നടക്കുക - നടപ്പ്; കിടക്കുക - കിടപ്പ്; കൊടുക്കുക - കൊടുപ്പ്; വിരിക്കുക - വിരിപ്പ് എന്നിങ്ങനെ പ്പ് ചേർത്ത് കൃതികൃത്ത് രൂപങ്ങൾ സൃഷ്ടിക്കാം. വസ്ത്രം, കുപ്പായം, വേഷം മുതലായ അർഥങ്ങളാണ് ഉടുപ്പ് എന്ന പദത്തിനുള്ളത്. 'ഉടുപ്പും നടപ്പും' (വേഷവും ആചാരവും) എന്ന ശൈലിയും പ്രസിദ്ധമാണല്ലോ!

ഉടുപ്പ് എന്ന പദത്തിന്റെ നിഷ്പത്തി, ഡോ. എൻ.ആർ. ഗോപിനാഥപിള്ള ഇങ്ങനെ കണ്ടെത്തുന്നു: "ഉടുക്കുക എന്ന ക്രിയയുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. ഉടു എന്നു ധാതു. വേഷം ധരിക്കുക എന്നർഥം. അതിനോട് പ്പ് എന്ന കൃത്പ്രത്യയം ചേർന്നിരിക്കുന്നു. ഉടുക്കാൻ, വേഷം ധരിക്കാൻ ഉപയോഗിക്കുന്ന പദാർഥം എന്നു നിരുക്തി.* ഇത്തരത്തിൽ രൂഢ്യർഥമുള്ള വാക്കുകൾ ആളുകൾ യഥാസമയം പ്രയോഗിക്കുന്നു. അങ്ങനെയാണ് അവ പ്രചുരപ്രചാരം നേടുന്നത്.

1970 ൽ പുറത്തുവന്ന അരനാഴികനേരം എന്ന സിനിമയിൽ, ജർമൻ മിഷനറിയായ വോൾ ബ്രിച്ച് നാഗെൽ രചിച്ച ഒരു ഗാനം ഉൾപ്പെടുത്തിയിട്ടുണ്ട്. "സമയമാം രഥത്തിൽ ഞാൻ സ്വർഗയാത്ര ചെയ്യുന്നു/ എൻ സ്വദേശം കാൺമതിന്നായി ഞാൻ തനിയേ പോകുന്നു" എന്നിങ്ങനെയാണതിന്റെ പല്ലവി. വയലാർ രാമവർമ വരുത്തിയ ചില മാറ്റങ്ങളോടെ ആ ഗാനം സിനിമയിൽ അവതരിപ്പിച്ചു. ആദ്യചരണത്തിൽ 'ആകെയല്പ നേരം മാത്രം എന്റെയാത്ര തീരുവാൻ' എന്നായിരുന്നു നാഗെൽ എഴുതിയത്. അതിനെ 'ആകെ അരനാഴിക മാത്രം ഈ ഉടുപ്പുമാറ്റുവാൻ' എന്നാക്കി വയലാർ സന്ദർഭവത്കരിച്ചു. അങ്ങനെ ഉടുപ്പ് എന്ന പദത്തിന് ചലച്ചിത്രഗാനത്തിലും ഇടം ലഭിച്ചു. ഗാനത്തിന് നാഗെൽ കണ്ടെത്തിയ ഈണം ചെറിയ ഭേദഗതികളോടെ ദേവരാജൻ മാഷ് സ്വീകരിച്ചു എന്നതാകട്ടെ ചരിത്രപാഠവും.

* ലത, വി. നായർ, സമ്പാദനം, എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ, വാല്യം ഒന്ന്, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം - 543.

# തളിരിട്ട കിനാക്കൾ



പീറ്റർ കുരിശിങ്കൽ

ഒരുകൂട്ടം യുവാക്കൾ ദൈവാലയത്തിനുമുന്നിൽ തടിച്ചുകൂടിയിരിക്കയാണ്. ഏവരുടെയും കൈയിൽ ഓരോ ഉണങ്ങിയ ചുള്ളിക്കമ്പും. ഈ സമയത്താണ് യൗസേപ്പ് അതുവഴി വരുന്നത്. സ്വാഭാവികമായും ആൾക്കൂട്ടമെന്തെന്ന് അറിയാനുള്ള ആകാംക്ഷ യൗസേപ്പിനുമുണ്ടായി. യൗസേപ്പും ആ യുവസഞ്ചയത്തിലേക്കു കയറിനിന്നു.

പരക്കെ അറിയപ്പെടുന്ന ഒരു തച്ചനായിരുന്നു യൗസേപ്പ്. തച്ചന്മാരുടെ പ്രധാനപണിയായുധമായിരുന്ന മുഴക്കോലും കൈയിൽ പിടിച്ചുകൊണ്ടാണ് യൗസേപ്പ് യുവാക്കളുടെ ഇടയിലേക്കു കയറിനിന്നത്.

ഇത്തരമൊരു സാഹചര്യം താനേയുണ്ടായതല്ല; സൃഷ്ടിക്കപ്പെട്ടതാണ്. പുരോഹിതനായ സഖറിയായുടെ യുക്തിഭദ്രമായ ബുദ്ധി.

യുവതിയായ മറിയത്തിന് അനുരൂപനായ ഒരു വരനെ കണ്ടെത്തണം. യൊവാക്കീമിന്റെയും അന്നയുടെയും ജീവിതാഭിലാഷമായിരുന്നു അത്. മറിയത്തെ സംബന്ധിച്ച് അവളുടെ മാതാപിതാക്കൾക്കുമുണ്ടായിരുന്നു ചില താത്പര്യങ്ങളും നിശ്ചയങ്ങളും. അവയിൽനിന്നു വ്യതിചലിക്കാൻ അവർ തയ്യാറുമായിരുന്നില്ല.

മറിയം വളർന്നു; യുവത്വമാർജിച്ചു. സുന്ദരിയായ തരുണി ഒരു കുടുംബിനിയാകാനുള്ള പ്രാപ്തിയൊക്കെ ആർജിച്ചെന്ന നിലയിലെത്തിയപ്പോൾ യൊവാക്കിമും അന്നയും സഖറിയ പുരോഹിതനെ സമീപിച്ച് തങ്ങളുടെ ആഗ്രഹം അറിയിച്ചു: "മറിയത്തിനൊരു വരനെ കണ്ടെത്തണം."

പുരോഹിതൻ നാടറിയുന്നവനാണ്. നാട്ടുകാരെ അറിയുന്നവനാണ്. സഖറിയാസ് വാക്കുകൊടുത്തു: "മറിയത്തിന് നല്ലൊരു വരനെ നമുക്കു കണ്ടെത്താം." അങ്ങനെയാണ് സഖറിയാസിന്റെ 'ഉണക്കച്ചുള്ളിക്കമ്പ്' പദ്ധതി രൂപപ്പെട്ടത്.

ദൈവനിവേശിതമായ പദ്ധതിയായിരുന്നു സഖറിയാസിന്റേത്. തനിക്ക് ഒരു ദർശനം ഉണ്ടായി എന്ന് സഖറിയാസ് പറയുന്നുണ്ട്. പരിശുദ്ധാത്മാവിന്റെ മണവാട്ടിയാവേണ്ടവളാണല്ലോ മറിയം. അതിനാൽത്തന്നെ മറിയത്തിന്റെ കാര്യത്തിൽ ഒരു ദൈവിക ഇടപെടൽ നടന്നിട്ടുണ്ട്. അതാണ് സഖറിയാസിനു ദർശനത്തിലൂടെ വെളിപ്പെടുത്തപ്പെട്ടത്.

ദൈവാലയത്തിലേക്കു പ്രവേശിക്കുമ്പോൾ യുവാവിന്റെ കൈയിലിരിക്കുന്ന ഉണക്കച്ചുള്ളിയിൽ അദ്ഭുതകരമായ മാറ്റം സംഭവിക്കണം. അതായിരുന്നു ടെസ്റ്റ്.

യുവാക്കൾ ഓരോരുത്തരായി ദൈവാലയകവാടം കടന്ന് ഉള്ളിലേക്കു പ്രവേശിച്ചുകൊണ്ടിരുന്നു. ഓരോരുത്തനും തങ്ങളുടെ കമ്പുകൾ ഉയർത്തിപ്പിടിച്ചുകൊണ്ടിരുന്നു. പക്ഷേ, ആ കമ്പുകളിലൊന്നിലും ഒരു മാറ്റവും സംഭവിച്ചു കണ്ടില്ല. സഖറിയാസും സംഘവും ആകാംക്ഷയോടെ ഓരോ യുവാവിനെയും സാകൂതം വീക്ഷിച്ചുകൊണ്ടിരുന്നു. അപ്പോഴതാ വരുന്നു കൈയിൽ ഉയർത്തിപ്പിടിച്ച മുഴക്കോലുമായി ഒരു യുവാവ്.

പെട്ടെന്നതാ സഖറിയാസിന്റെയും സംഘത്തിന്റെയും കണ്ണുകൾ വിടർന്നു. അതാ ദൈവിക ഇടപെടൽ നടന്നിരിക്കുന്നു. തച്ചന്റെ കൈയിലിരുന്ന മുഴക്കോൽ ഹരിതാഭമായി. അതിൽ മനോഹരമായ ലില്ലിപ്പൂക്കൾ വിരിഞ്ഞുവിലസുന്നു. മനോഹരമായി അലങ്കരിക്കപ്പെട്ട മുഴക്കോൽ കണ്ട് സഖറിയാസ് തീരുമാനിച്ചു; ഈ തച്ചൻതന്നെ മറിയത്തിന് അനുയോജ്യൻ! അദ്ദേഹമത് ഉറക്കെ പ്രഖ്യാപിച്ചു: "ഇതാ മറിയത്തിന്റെ വരൻ."



സഖറിയായുടെ പ്രഖ്യാപനം കേട്ട് യൗസേപ്പ് സ്തബ്ധനായിപ്പോയി. താനൊരു സാധാരണ മരപ്പണിക്കാരൻ. സുന്ദരിയായ മറിയത്തിന്റെ ഭർത്താവാകാനുള്ള യോഗ്യത തനിക്കില്ല; എന്നുതന്നെയായിരുന്നു യൗസേപ്പിന്റെ ചിന്ത.

പക്ഷേ, ഇതു ദൈവഹിതമാണെന്ന് യൗസേപ്പിനെ ബോധ്യപ്പെടുത്തുന്നതിൽ സഖറിയ പുരോഹിതൻ വിജയിച്ചു. ദൈവഹിതം, അതെന്തായാലും ശിരസ്സാവഹിക്കുക എന്നതായിരുന്നു യൗസേപ്പിന്റെ ജീവിതപ്രമാണം. മറിയവും ദൈവഹിതത്തോട് ഒത്തുപോകുന്ന ദൃഢനിശ്ചയക്കാരിയും. അങ്ങനെ ദൈവേച്ഛ നിറവേറപ്പെടുകയായിരുന്നു.

ഇതോടൊപ്പം നമ്മുടെ മനസ്സിലേക്കു കടന്നുവരുന്ന ചിന്താശകലം മത്തായി സുവിശേഷകന്റെ വാക്കുകൾ പിൻപറ്റിയാണ്. ഇവിടെ യൗസേപ്പിന്റെ ചിത്തം ചഞ്ചലപ്പെട്ടുവോ? ചഞ്ചലപ്പെട്ടു എന്നുതന്നെയാണ് നിഗമനം. വിവാഹനിശ്ചയം കഴിഞ്ഞിട്ട് യൗസേപ്പും മറിയവും സഹജീവിതം ആരംഭിച്ചിരുന്നില്ല എന്നിരിക്കേ, വധു ഗർഭിണിയായി എന്നറിഞ്ഞാൽ ആരായാലും ചഞ്ചലചിത്തനായിപ്പോകും. യൗസേപ്പും അതീതനായിരുന്നില്ല ഇക്കാര്യത്തിൽ. അദ്ദേഹവും സംഭ്രാന്തചിത്തനായി; സ്വാഭാവികം. പക്ഷേ, ഏതു പ്രക്ഷുബ്ധാവസ്ഥയിലും കൈവിടാത്ത മാന്യതയും കരുതലും അദ്ദേഹത്തിന്റെ കൈമുതലായിരുന്നു.

അടുത്തഘട്ടം കാണുന്നത് ശാന്തനിലാവിന്റെ പരന്നൊഴുക്കാണ്, സൗമ്യവും ദീപ്തവുമായൊരു മനോനില കൈവരിച്ച യൗസേപ്പിന്റെ ഉദാത്തതയാണ്. തക്കസമയത്തുണ്ടായൊരിടപെടൽ! അതാണു പ്രസക്തം. തക്കസമയത്ത് പറന്നെത്തി ഗബ്രിയേൽ ദൈവദൂതൻ സ്വപ്നത്തിൽ ഓതിയ ദൂത്!

മറിയം അപമാനമുക്തയായി. ദൈവികപദ്ധതിയുമായുള്ള സമ്പൂർണസമരസപ്പെടൽ; സമ്പൂർണസമർപ്പണം. ആ സമർപ്പണത്തിന്റെ കരുതലും കാവലുമാണു തുടർന്നങ്ങോളം.

തനിക്കു നേരേ എറിയപ്പെട്ട മുളങ്കമ്പുകൾ ഏശാതെ ദൂരത്തെറിക്കുന്നതു കണ്ടവരാണ് ലോകജനത. ആളിയെരിയുന്ന കനൽക്കട്ടകൾ വെറുംകൈയാൽ വാരി മേലങ്കിയിൽ ചുരുട്ടി നടക്കുന്ന മനുഷ്യൻ – ഇതെന്തു മനുഷ്യൻ എന്ന് ഇടയന്മാർ അദ്ഭുതം കൂറിയപ്പോഴും ആ മനുഷ്യൻ ഒന്നുമറിഞ്ഞില്ല. പൊള്ളിയില്ല; മേലങ്കി പുകഞ്ഞില്ല. മനസ്സിൽ ഒന്നുമാത്രം. കാലിത്തൊഴുത്തിൽ തണുത്തുവിറകൊള്ളുന്ന കുഞ്ഞും അമ്മയും! അവർക്കല്പം താപമേകാൻ വഴിതേടി അലയുന്ന മനുഷ്യനു മറ്റെന്തു ചിന്ത? ഹെറോദേസിന്റെ പട്ടാളക്കുളമ്പടികൾ അകലുവോളം കണ്ണിമയ്ക്കാതെ ഉണ്ണിക്കും മാതാവിനും കാവലിരിക്കുന്ന യൗസേപ്പിന്റെ ജാഗ്രതയിൽ വളർന്ന ലോകരക്ഷകൻ യേശുമിശിഹാ. തിരുക്കുടുംബനാഥൻ, കുടുംബങ്ങളുടെ മധ്യസ്ഥൻ!

ലോകത്തിന്റെ യൗസേപ്പിതാവ്.

■

നേർമൊഴി



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# നീതിപീഠത്തിന്റെ ശോഭ വർധിപ്പിച്ച വിധി

പരമ്പരാഗത കുടുംബസങ്കല്പത്തെയും കുടുംബമൂല്യങ്ങളെയും സംരക്ഷിക്കുന്ന ഒരു വിധിത്തീർപ്പ് പരമോന്നതനീതിപീഠത്തിൽനിന്നു കഴിഞ്ഞയാഴ്ച പുറത്തുവന്നു. സ്വവർഗവിവാഹം നിയമാനുസൃതമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച 21 ഹർജികൾ തള്ളിക്കൊണ്ടുള്ള വിധിയായിരുന്നു അത്. ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ അധ്യക്ഷതയിലുള്ള അഞ്ചംഗ ബഞ്ചാണ് വിധി പ്രഖ്യാപിച്ചത്.

ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡും ജസ്റ്റീസ് എസ്.കെ. കൗളും സ്വവർഗാനുകൂലികളെ അനുകൂലിക്കുകയും അവർക്കു ദത്തവകാശം ആകാമെന്ന് അഭിപ്രായപ്പെടുകയും ചെയ്തുവെങ്കിലും ജസ്റ്റീസുമാരായ എസ്. രവീന്ദ്രഭട്ട്, പി.എസ്. നരസിംഹ, ഹിമ കോഹ്‌ലി എന്നിവർ എതിർത്തു വിധിപ്രഖ്യാപനം നടത്തിയതുകൊണ്ട് രാജ്യത്തു സ്വവർഗവിവാഹത്തിനു നിയമസാധുത ലഭിച്ചില്ല. 34 രാജ്യങ്ങളിൽ ഇപ്പോൾ സ്വവർഗപ്രേമികൾക്കു വിവാഹം നിയമാനുസൃതമായി രജിസ്റ്റർ ചെയ്യാനാവുകയില്ലെങ്കിലും, അവർക്ക് ഒരുമിച്ചു താമസിക്കുന്നതിനു നിയമതടസ്സങ്ങളില്ല.

സ്വവർഗപ്രേമികളുടെ മനുഷ്യാവകാശത്തെ മാനിക്കണമെന്ന് അഞ്ചു ന്യായാധിപന്മാരും ആവശ്യപ്പെട്ടു. സ്വവർഗപ്രേമികളാണെന്ന കാരണത്താൽ അവർക്കു നിയമപരമായി ഒരു വിവേചനവും പാടില്ല. കൂടിത്താമസത്തെ സംബന്ധിച്ചു വീട്ടുകാരുടെ പരാതി ഉണ്ടായാൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുമുമ്പ് പോലീസ് പ്രാഥമികമായ അന്വേഷണം നടത്തണം. തിടുക്കത്തിലുള്ള അറസ്റ്റ് ഒഴിവാക്കണം.

സുപ്രീംകോടതിയിലെ പല പ്രമുഖ വക്കീലന്മാരും ഹർജിക്കാർക്കുവേണ്ടി ഹാജരായി. അവരുടെ വാദമുഖങ്ങൾ പരമ്പരാഗതകുടുംബമൂല്യങ്ങളെ അംഗീകരിക്കാത്തതും വ്യക്തികളുടെ അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും അനുകൂലിക്കുന്നതുമായിരുന്നു. കുടുംബത്തെ സംബന്ധിച്ചു നിലവിലുള്ള നിയമം 1954 ൽ രൂപീകൃതമായ സ്പെഷ്യൽ മാര്യേജ് ആക്ട് ആണ്. എസ്.എം.എ. പ്രകാരം വിവാഹം സ്ത്രീയും പുരുഷനും തമ്മിലാണ്. സ്വവർഗപ്രേമികളുടെ ആവശ്യം സ്ത്രീയും പുരുഷനും എന്ന വ്യവസ്ഥ മാറ്റി രണ്ടു വ്യക്തികൾ തമ്മിലാകണം എന്നതായിരുന്നു. അതുപോലെതന്നെ ഭാര്യാഭർത്താവ് എന്ന പ്രയോഗത്തിനു പകരം ദമ്പതിമാർ എന്നാക്കണമെന്നും ഹർജിക്കാർ ആവശ്യപ്പെട്ടു. എന്നാൽ, കോടതി ഈ രണ്ട് ആവശ്യങ്ങളും നിരാകരിച്ചുകൊണ്ടു പറഞ്ഞു: സ്പെഷ്യൽ മാര്യേജ് ആക്ട് നിയമാനുസൃതമാണ്. അതു തിരുത്താൻ കോടതിക്ക് അധികാരമില്ല. നിയമം വ്യാഖ്യാനിക്കുകമാത്രമാണ് കോടതിയുടെ കടമ. നിയമനിർമാണം നടത്തേണ്ടത്, നിയമനിർമാണസഭകളായ പാർലമെന്റും നിയമസഭകളുമാണ്.

ഹർജിക്കാരുടെ എതിർകക്ഷി അഥവാ അവർക്കെതിരേ നിലപാട് അറിയിച്ചത് സർക്കാരിന്റെ വക്കീലാണ്. സ്വവർഗവിവാഹസങ്കല്പം പാശ്ചാത്യമാണെന്നും പട്ടണങ്ങളിലെ വരേണ്യവിഭാഗത്തിന്റെ താത്പര്യമാണ് അതെന്നുമുള്ള വാദഗതിയെ പക്ഷേ, കോടതി അനുകൂലിച്ചില്ല. സ്വവർഗതാത്പര്യം ഒരു ജനിതകവിഷയമാണെന്നും അവരോടു പരിഗണനയോടെ വർത്തിക്കണമെന്നും കോടതി ആവശ്യപ്പെട്ടു. അതുപോലെതന്നെ വിവാഹം ഒരു മൗലികാവകാശമല്ലെന്നു പറയാനും കോടതി മടിച്ചില്ല.

സ്വവർഗവിവാഹത്തെ തള്ളിയ കോടതിവിധിയെ സ്വാഗതം ചെയ്തുകൊണ്ട് മതസംഘടനകളും സമുദായനേതാക്കളും രംഗത്തുവന്നു. കുടുംബമെന്ന സ്ഥാപനത്തിനും കുടുംബമൂല്യങ്ങൾക്കും വിലകല്പിക്കുന്ന ഭാരതത്തിലെ കത്തോലിക്കാ മെത്രാൻസമിതി കോടതിവിധിയോടുള്ള ആദരവ് അറിയിച്ചു. വിവാഹം രണ്ടു വ്യക്തികൾ തമ്മിലുള്ള സ്വകാര്യ ഇടപാടല്ലെന്നും അതിന് ഒരു സാമൂഹികമാനമുണ്ടെന്നുമാണ് മതങ്ങളുടെ നിലപാട്. വിവാഹത്തെക്കുറിച്ചുള്ള കത്തോലിക്കാസഭയുടെ സങ്കല്പം ബൈബിളിൽനിന്നു വ്യക്തമാണ്. 'സ്രഷ്ടാവ് ആദിമുതലേ അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചുവെന്നും ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട്, ഭാര്യയോടു ചേർന്നിരിക്കും; അവർ ഇരുവരും ഒറ്റ ശരീരമായിത്തീരും" (മത്താ. 19:5) എന്ന് സുവിശേഷം വ്യക്തമാക്കുന്നു.

കത്തോലിക്കാസഭയുടെ പ്രബോധനമനുസരിച്ച് ഭാര്യയും ഭർത്താവും മക്കളും അടങ്ങുന്നതാണ് കുടുംബം. സ്വവർഗവിവാഹത്തിൽ മക്കൾ ഉണ്ടാകുന്നില്ല. അതുകൊണ്ട് അതിനെ വിവാഹമെന്നോ കുടുംബമെന്നോ വിളിക്കാനാവുകയില്ല. വംശവർധനയും കുടുംബത്തിന്റെ ലക്ഷ്യമാണ്. കുടുംബത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാധിക്കാത്തതുകൊണ്ടാണ് സ്വവർഗവിവാഹം അംഗീകരിക്കപ്പെടാത്തത്.

ഇന്ത്യയിൽ സ്വവർഗവിവാഹം അനുവദനീയമാകണമെങ്കിൽ നിയമനിർമാണം കൂടിയേതീരൂ. മതവിശ്വാസികൾ ഭൂരിപക്ഷമുള്ള ഇന്ത്യാരാജ്യത്ത് വിശ്വാസികളുടെ താത്പര്യങ്ങൾക്കു വിരുദ്ധമായി നിയമനിർമാണം നടത്താൻ രാഷ്ട്രീയപ്പാർട്ടികളൊന്നും തയ്യാറാവുകയില്ല. വ്യക്തിസ്വാതന്ത്ര്യത്തിന് അമിതപ്രാധാന്യം കല്പിക്കുന്ന ചില ആക്ടിവിസ്റ്റുകൾക്കും തത്കാലത്തേക്ക് ആഘോഷിക്കാൻ സാധിക്കുകയില്ല.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



നിയമം പാലിക്കുന്നത് നിരവധി ബലികൾ അർപ്പിക്കുന്നതിനു തുല്യമാണ്.

പ്രഭാഷകൻ 35:1

## എഡിറ്റോറിയൽ

# ജാതിസെൻസസിനെ എന്തിനു ഭയപ്പെടണം?

**2024** ലെ ലോക്സഭാ ഇലക്ഷൻ അടുത്തെത്തിയിരിക്കേ, പ്രതിപക്ഷഐക്യമുന്നണിയായ 'ഇന്ത്യ'യുടെ പ്രധാന തിരഞ്ഞെടുപ്പ് അജണ്ടയായി ജാതിസെൻസസ് ഉയർന്നുവന്നിരിക്കുന്നു. സുപ്രീംകോടതിയുടെ അംഗീകാരത്തോടെ ബീഹാറിൽ ജാതിസെൻസസ് നടത്തി മുഖ്യമന്ത്രി നിതീഷ്കുമാർ സർവേഫലം പുറത്തുവിട്ടതിനു പിന്നാലെയാണ് ഇതര സംസ്ഥാനങ്ങളും ഈ ദിശയിൽ ചർച്ച സജീവമാക്കിയത്. സ്വാതന്ത്ര്യാനന്തരഭാരതത്തിൽ ആദ്യമായാണ് സാമൂഹികനീതിയുടെ പരിപ്രേക്ഷ്യത്തിൽ ഒരു സംസ്ഥാനം ജാതിസർവേ നടത്തി ഡേറ്റ പ്രസിദ്ധീകരിക്കുന്നത്.

എണ്ണത്തിലും ശതമാനത്തിലും രാജ്യത്തെ ജനങ്ങളുടെ ജാതിതിരിച്ചുള്ള കണക്കെടുപ്പാണ് ജാതിസെൻസസ്. 1891 ൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽ സെൻസസ് ആരംഭിച്ചതുമുതൽ 1931 വരെ ജാതിക്കോളമുണ്ടായിരുന്നു. 1951 മുതൽ 2011 വരെ പട്ടികജാതി - പട്ടികവർഗക്കാരുടെ ജാതിവിവരങ്ങൾ മാത്രമായിരുന്നു സെൻസസ് റിപ്പോർട്ടുകളിലുണ്ടായിരുന്നത്. 1953 ൽ പിന്നാക്കവിഭാഗങ്ങളുടെ സാമൂഹിക, വിദ്യാഭ്യാസാവസ്ഥ പഠിക്കാൻ കേന്ദ്രം നിയോഗിച്ച കാകാ കലേൽകർ കമ്മീഷന്റെ പ്രധാന നിർദേശങ്ങളിലൊന്ന് 1961 ലെ സെൻസസിൽ ജാതികൂടി ഉൾപ്പെടുത്തണം എന്നതായിരുന്നു. പക്ഷേ, ശക്തമായ എതിർപ്പുകളെത്തുടർന്ന് പ്രസ്തുത നിർദേശം തഴയപ്പെടുകയാണുണ്ടായത്.

1977-78 ലെ മുൻഗേരിലാൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടുത്ത എതിർപ്പുകൾക്കുശേഷവും ഒ.ബി.സി. സംവരണം നടപ്പാക്കിയ ബീഹാർ മുഖ്യമന്ത്രി കർപ്പൂരി ഠാക്കൂറിന്റെ ഇച്ഛാശക്തിയോടാണ് നിതീഷ്കുമാർ - തേജസ്വി യാദവ് കൂട്ടുകെട്ടിന്റെ ജാതി സെൻസസ് നടപടികളെ സാമൂഹികനിരീക്ഷകർ വിലയിരുത്തുന്നത്. ബീഹാർസർക്കാർ പുറത്തുവിട്ട ഡേറ്റ ജാതിജനസംഖ്യാശാസ്ത്രത്തിന്റെ വിശദമായ ചിത്രം അവതരിപ്പിക്കുക മാത്രമല്ല, ബീഹാറിലെയും ഇന്ത്യയിലെയും മൊത്തത്തിലുള്ള പ്രാതിനിധ്യം, സാമൂഹികനീതി, രാഷ്ട്രീയതന്ത്രങ്ങൾ എന്നിവയെക്കുറിച്ചുള്ള പുതിയ സംവാദങ്ങൾക്കുകൂടിയാണ് തിരി കൊളുത്തിയിരിക്കുന്നത്.

2011 ൽ മൻമോഹൻസിങ് പ്രധാനമന്ത്രിയായിരിക്കേ, കോൺഗ്രസ്നേതൃത്വത്തിലുള്ള യുപിഎ സർക്കാർ രാജ്യത്ത് സാമൂഹിക, സാമ്പത്തികസെൻസസ് പൂർത്തിയാക്കിയിരുന്നു. എന്നാൽ, 2014 ൽ അധികാരത്തിൽവന്ന ബിജെപി സർക്കാർ അതിലെ ജാതിവിവരങ്ങൾ ഒഴികെയുള്ള കാര്യങ്ങളാണ് 2015 ൽ പ്രസിദ്ധീകരിച്ചത്. ദാരിദ്ര്യത്തിന്റെ ബഹുമുഖകാരണങ്ങളെ എണ്ണിത്തിട്ടപ്പെടുത്താനും സർക്കാരുകളുടെ ക്രിയാത്മക ഇടപെടലുകൾ ഉറപ്പുവരുത്താനുമുള്ള യുപിഎ സർക്കാരിന്റെ റിപ്പോർട്ട് നിഷ്ഫലമായെങ്കിലും ഒരു ദശവത്സരാനന്തരം ഒരു സംസ്ഥാനമെങ്കിലും ആ ലക്ഷ്യം സാക്ഷാത്കരിച്ചുവെന്നത് രാജ്യമാകെ പ്രതീക്ഷ പകരുന്ന പുത്തൻ കാൽവയ്പാണ്.

പിന്നാക്കവിഭാഗങ്ങളുടെ അധികാരപങ്കാളിത്തവും പ്രാതിനിധ്യവും ഉറപ്പാക്കണമെന്ന ഭരണഘടനാപരമായ ലക്ഷ്യം സഫലീകരിക്കാൻ ബീഹാർ മോഡൽ ജാതിസെൻസസ് വേണമെന്ന ആവശ്യം മറ്റു സംസ്ഥാനങ്ങളിലും ശക്തമായിരിക്കുകയാണ്. മധ്യപ്രദേശിൽ അധികാരത്തിലെത്തിയാൽ ജാതിസെൻസസ് നടത്തുമെന്ന് കോൺഗ്രസ് നേതാവ് രാഹുൽഗാന്ധിയും കമൽനാഥും വ്യക്തമാക്കി. ജാതിസെൻസസുമായി ബന്ധപ്പെട്ട റിപ്പോർട്ടു തയ്യാറാക്കാൻ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ പിന്നാക്കവിഭാഗം കമ്മീഷനോടു നിർദേശിച്ചിരിക്കുകയാണ്. ഉത്തർപ്രദേശിൽ ഈയാവശ്യവുമായി ബിജെപിയുടെ സഖ്യകക്ഷികൾ തന്നെ രംഗത്തെത്തിയത് ബിജെപിക്കു തലവേദനയായിട്ടുണ്ട്.

ദലിതരുടെയും പിന്നാക്കവിഭാഗങ്ങളുടെയും എണ്ണം കൃത്യമാക്കുന്നതിനപ്പുറം അവരുടെ വിദ്യാഭ്യാസനിലവാരം, ജീവിതനിലവാരം, തൊഴിൽ എന്നിവ അളക്കപ്പെടാനും ജാതിസെൻസസ് ഉപകരിക്കും. ഏതു ജാതിയുടെയും സാമ്പത്തികവും സാമൂഹികവുമായ സ്ഥിതിഗതികൾ അറിയുന്നതോടെ അവരുടെ ഉന്നമനത്തിനായി സർക്കാരുകൾക്കു നവീനമായ പന്ഥാവുകളും പദ്ധതികളും വിഭാവനം ചെയ്യാനാവും. ജാതിസെൻസസിനെ ആരൊക്കെ എത്രത്തോളം ഭയപ്പെടുന്നുവെന്നു ബോധ്യപ്പെടുത്തുന്നതാണ് അതിനെതിരായ അവരുടെ യുദ്ധാഹ്വാനങ്ങൾ.

പിന്നാക്കവിഭാഗങ്ങളെയെല്ലാം ഹിന്ദുത്വരാഷ്ട്രീയത്തിന്റെ കുടക്കീഴിൽ കൊണ്ടുവരാനുള്ള ബിജെപിയുടെ തന്ത്രത്തെ ചെറുത്തുതോല്പിക്കാനാണ് കോൺഗ്രസിന്റെയും 'ഇന്ത്യ' മുന്നണിയുടെയും നീക്കങ്ങൾ.

ജാതിരാഷ്ട്രീയം സർവയിടങ്ങളിലും വേരുറച്ചുകഴിഞ്ഞിരിക്കുന്ന ഒരു രാഷ്ട്രീയപശ്ചാത്തലമാണ് ഇന്ന് ഇന്ത്യയിൽ ഉരുത്തിരിഞ്ഞിരിക്കുന്നത്. ഇത്തരുണത്തിൽ, അധികാരപങ്കാളിത്തത്തിനും സാമൂഹികനീതിക്കും ജാതിസെൻസസ് അനിവാര്യമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. കക്ഷിരാഷ്ട്രീയപ്പോരുകൾ അവസാനിപ്പിച്ച്, ഒരുമയുടെ വിശാലമായ കാഴ്ചപ്പാടുകളിലേക്കു നടന്നടുക്കുകയാണ് ഇനി ആവശ്യമായിരിക്കുന്നത്. ■

# പ്രകാശവഴികളിലെ ഗുരുപ്രസാദം

■ ജോണി തോമസ് മണിമല

## ഡോ. സിറിയക് തോമസ് എൺപതിന്റെ നിറവിൽ

**എ**ൺപതിന്റെ കണക്കുവച്ചു നോക്കിയാൽ സിറിയക്സാർ താരതമ്യേന അരോഗദൃഢഗാത്രനാണ്. നല്ല 'ഈടും ഉറപ്പു'മുള്ള സവിശേഷവ്യക്തിത്വം. ഒറ്റനോട്ടത്തിൽത്തന്നെ വെളിവാകുന്ന പ്രവിശാലമായ ആ ഉയർന്ന നെറ്റിയും, കണ്ണടയ്ക്കു പിന്നിലെ സൂക്ഷ്മങ്ങളായ നയനങ്ങളും, ആചാര്യത്വത്തിന്റെ അടയാളമെന്നോണം ഇരുവശത്തും അകമ്പടി സേവിക്കുന്ന വലിയ ചെവികളുമെല്ലാം ചേർത്തുവച്ചാലോചിക്കുമ്പോൾ ആരും മനസ്സിൽ കുറിക്കും: ആൾ ഒരു മേധാവിതന്നെ. ഇനി, അലക്കിത്തേച്ചു ശുഭ്രശുദ്ധമാക്കിയ മുണ്ടിലും നീളൻ ജുബ്ബയിലും ഒന്നെഴുന്നേറ്റുനിന്നാലോ, ആ രാജസപ്രൗഢി പൂർത്തിയായി.

ഇങ്ങനെയൊക്കെയാണെങ്കിലും ഈ ആകാരഗരിമകണ്ട് ഇദ്ദേഹം ആളുകൾക്ക് അത്ര പ്രാപ്യനല്ലെന്ന് ആരെങ്കിലും വെറുതെ വിചാരിച്ചാൽ തെറ്റി. ആർക്കും എപ്പോഴും സമീപിക്കാവുന്ന ഒരു വിനയസമ്രാട്ട്. ആതിഥ്യമര്യാദയുടെ ആൾരൂപം. ഹൃദ്യവും നിഷ്കളങ്കവുമായ വിടർന്ന ചിരിയിലൂടെ സൗഹൃദത്തിന്റെ വമ്പൻപാലങ്ങൾ ഞൊടിയിടയിൽ തീർക്കുന്ന നിർമാണകൗശലം പരിണതപ്രജ്ഞനായ ഈ പാലാക്കാരനു സ്വന്തം.

1943 ഒക്ടോബർ 24 ന് സ്വാതന്ത്ര്യസമരസേനാനിയും തിരു - കൊച്ചി നിയമസഭാധ്യക്ഷനും ഭരണഘടനാ രൂപീകരണസമിതിയംഗവുമായിരുന്ന ആർ.വി. തോമസിന്റെയും സ്വാതന്ത്ര്യസമരസേനാനിയും കോൺഗ്രസ് വനിതാവിഭാഗത്തിന്റെ ആദ്യകാലനേതാവുമായ ഏലിക്കുട്ടി തോമസിന്റെയും മകനായി ജനിച്ച സിറിയക് തോമസ് പാലായിലും തിരുവനന്തപുരത്തുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. മുപ്പത്തൊന്നു വർഷം പാലാ സെന്റ് തോമസ് കോളജിൽ അധ്യാപകനായിരുന്നു. 1998 ൽ ഏറ്റവും നല്ല കോളജധ്യാപകനുള്ള ബർക്കുമാൻസ് അവാർഡ് ഇദ്ദേഹത്തെ തേടിയെത്തി. ആ വർഷംതന്നെ കേരള സർവകലാശാല പ്രോ വൈസ് ചാൻസലറും തുടർന്ന് ആക്ടിങ് വൈസ് ചാൻസലറും. രണ്ടായിരത്തിൽ എം.ജി. സർവകലാശാല വൈസ് ചാൻസലർ. 2002 ലും 2004 ലും കൊച്ചി സർവകലാശാല വൈസ് ചാൻസലറുടെ അധികച്ചുമതല.



2006-10 ൽ മൂവാറ്റുപുഴ എഞ്ചിനീയറിങ് കോളജിന്റെയും എം.ബി.എ. ഇൻസ്റ്റിറ്റ്യൂട്ടിന്റെയും ചെയർമാനും ഡീനും, 2013-2021 ൽ പാലാ രൂപത പാസ്റ്ററൽ കൗൺസിൽ ചെയർമാൻ, 2010 -2015 ൽ ദേശീയ ന്യൂനപക്ഷവിദ്യാഭ്യാസക്കമ്മീഷൻ മെമ്പർ, 2019-2023 ൽ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും ഡീനും.

പാലാ സെന്റ് തോമസ് കോളജിൽ എം.എ.യ്ക്കു പഠിക്കുമ്പോൾ 21-ാം വയസ്സിൽ കോൺഗ്രസിന്റെ പാലാ മണ്ഡലം പ്രസിഡന്റായതുതൊട്ട് 1969 ൽ 26-ാം വയസ്സിൽ ഓൾ ഇന്ത്യാ കോൺഗ്രസ് കമ്മിറ്റിയിൽ ഏറ്റവും പ്രായംകുറഞ്ഞ അംഗമായതുവരെ നീളുന്ന അത്ര ചെറുതല്ലാത്ത ഒരു രാഷ്ട്രീയപശ്ചാത്തലം ആദർശശാലിയായ ഈ ഗാന്ധിയനു പിന്നിലുണ്ട്. എന്നാൽ, 'വിധി' മറ്റൊന്നായിരുന്നു. അതിൽ സങ്കടപ്പെടാനേതുമില്ലെന്ന് പിന്നീടു കാലം തെളിയിച്ചു. അധ്യാപകവൃത്തിയിലൂടെ, മദ്യവിരുദ്ധ പ്രവർത്തനങ്ങളിലൂടെ, നവഭാരത വേദിയിലൂടെ, വൈസ് ചാൻസലർ പദവികളിലൂടെ അദ്ദേഹം പുതിയ ചരിത്രമെഴുതി.

ഉള്ളതുപറഞ്ഞാൽ, വളരെ ചെറുപ്പത്തിലേതന്നെ ഉന്നതശീർഷരായ മഹാത്മാക്കളോടൊത്തു സഹവസിക്കാൻ കിട്ടിയ മഹാഭാഗ്യവും തറവാട്ടുമഹിമയും വിദ്യാഭ്യാസഗുണവും അറിവും വായനയുമെല്ലാം ചേർന്നു പരിപാകമാക്കിയ അനിതരസാധാരണമായ ഒരു വ്യക്തിവൈശിഷ്ട്യമാണ് ഈ എൺപതിന്റെ സായന്തനത്തിലും സിറിയക് സാറിനെ ആദരണീയനാക്കുന്നത്. മാന്യതയുടെയും മര്യാദയുടെയും കുലീനമായ പെരുമാറ്റത്തിന്റെയും എളിമയുടെയും ഔചിത്യബോധത്തിന്റെയും ഉന്നതപാഠങ്ങൾ നാം ഇദ്ദേഹത്തിൽനിന്നു പഠിക്കണം.

അതിവിപുലമാണ് സിറിയക് സാറിന്റെ സുഹൃദ്വലയം. ഒരു തികഞ്ഞ സഭാസ്നേഹിയായിരിക്കുമ്പോൾത്തന്നെ, അത് ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും വേലിക്കെട്ടുകൾ ഭേദിച്ചുനിൽക്കുന്നു. എല്ലാം ഓർമിക്കാൻ വകയുള്ള കാര്യങ്ങൾ. ഈ ഓർമകൾതന്നെയും ചേതോഹരമായി അടുക്കിവച്ചു വായനക്കാർക്കു വിരുന്നൊരുക്കുന്നതിൽ സിറിയക് സാർ എപ്പോഴും ശ്രദ്ധാലുവാണ്. പ്രഭാഷണങ്ങളിലെ അയത്നലളിതമായ, അനാർഭാടമായ ശൈലി എഴുത്തിലും തെളിനീരാവുന്നു. ദൈവനടത്തിപ്പിന്റെ വിസ്മയവഴികളിൽ മനസ്സുനിറഞ്ഞ് സിറിയക് സാർ കൈകൂപ്പുന്നുണ്ട്. അതേ നന്ദിയോടെ തന്റെ ഗുരുഭൂതരെയും വത്സലശിഷ്യരെയും അദ്ദേഹം നെഞ്ചോടു ചേർത്തണയ്ക്കുന്നു. അധികം പേർക്കവകാശപ്പെടാനില്ലാത്ത ഈ നന്ദി നിറഞ്ഞ ഹൃദയം ഒന്നുമാത്രമാണ് കൈവന്ന എല്ലാ നന്മകൾക്കും അടിസ്ഥാനമെന്നു പറഞ്ഞാൽ സിറിയക് സാർ അതു കൈകൂപ്പി സമ്മതിക്കും. ■

# മാറിച്ചിന്തിച്ചവരാണു മാറ്റിമറിച്ചിട്ടുള്ളത്



**ജിൻസ് കാവാലി**



"മൺമറഞ്ഞവരുടെ പ്രജ്ഞയിലവശേഷിപ്പിക്കുന്ന
പങ്കുവയ്ക്കപ്പെടാത്ത ചിന്തകളും
മൊഴിയപ്പെടാത്ത മോഹങ്ങളും
ഏതു ചില്ലയിലാണു ചേക്കേറുക?..."

*വാക്കുകൾ ചേക്കേറുന്നിടം*

*- റോസ്മേരി*

'ഈ കടന്നുപോകുന്നതു സമയമല്ല, ജീവിതംതന്നെയാണ്' എന്നൊരു ചിന്തയാണ് ഒരുപക്ഷേ, ഏറ്റവും പ്രചോദിപ്പിക്കുന്നതും എന്നാലത്രതന്നെ ഭയപ്പെടുത്തുന്നതും. നമ്മുടെ ജീവിതവൃത്തം എന്നാണു പൂർത്തിയാവുക? പൂർത്തിയാവുന്ന വൃത്തത്തിനുള്ളിൽ കതിരോ പതിരോ കൂടുതൽ? ജീവിതം നാം ശരിക്കും ജീവിക്കുന്നുണ്ടോ, അതോ നിശ്ചിതയമായൊരു ലക്ഷ്യമില്ലാത്ത വഴിയാത്രക്കാരനെപ്പോലെ കടന്നുപോവുകമാത്രമാണോ ചെയ്യുന്നത്? ജീവിതത്തെക്കുറിച്ചുള്ള ഈ സന്ദേശങ്ങൾ ഏതു സാഹിത്യകാരനെയും ഏറെ വലയ്ക്കുന്ന ഒന്നുതന്നെയാണ്.

യഥാർഥ സാഹിത്യകാരന് ഓരോ പുസ്തകവും ഓരോ പുതിയ തുടക്കമായിരിക്കണമെന്ന് ഹെമിങ്‌വേ എഴുതുന്നുണ്ട്. അദ്ദേഹം തുടരുന്നു: "നേടാൻ കഴിയുന്നതിനപ്പുറത്തുള്ള എന്തോ നേടിയെടുക്കാനുള്ള മറ്റൊരു പരിശ്രമത്തിന്റെ തുടക്കം. ഒരിക്കലും ചെയ്തിട്ടില്ലാത്തതോ മറ്റുള്ളവർ ശ്രമിച്ചു പരാജയപ്പെട്ടതോ ചെയ്തു തീർക്കാനായിരിക്കും അയാൾ എപ്പോഴും ശ്രമിക്കേണ്ടത്. അങ്ങനെ വരുമ്പോൾ വല്ലപ്പോഴും മഹാഭാഗ്യംകൊണ്ട് അയാൾ വിജയിച്ചേക്കും. മുമ്പ് നന്നായി എഴുതപ്പെട്ട ചിലത് മറ്റൊരുവിധത്തിൽ എഴുതുകയേ വേണ്ടൂവെങ്കിൽ സാഹിത്യരചന എത്ര ലഘുവായിരിക്കും." ഇങ്ങനെ, അന്നോളം എഴുതപ്പെടാത്ത ഒന്ന് തന്റെ കാലത്തും തന്റെ സമയത്തും പൂർത്തിയാക്കാൻ കഴിയുമോ എന്നതാണ് എഴുത്തിൽ ജീവിക്കാനും അതിജീവിക്കാനും ആഗ്രഹിക്കുന്ന മനുഷ്യൻ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. കാലം ആർക്കും തടയാനാവാത്ത വേഗത്തിൽ കൺമുന്നിലൂടെ കടന്നുപോകുന്നത് അയാൾ കാണുന്നു. ആ വേഗത്തെ കടന്നുപോകാൻ തന്റെ തൂലികയ്ക്കു കഴിയുമോയെന്ന് അയാൾ ആകുലപ്പെടുന്നു. 'എന്നുടെ ഒച്ച കേട്ടുവോ വേറിട്ട്' എന്ന് അയാൾ അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു.

സാഹിത്യത്തിലാവട്ടെ, സിനിമയിലാകട്ടെ, മറ്റേതു കലയിലുമാവട്ടെ, സംതൃപ്തിയുടെ ഒരു പുഞ്ചിരി ഹൃദയത്തിനുള്ളിൽ വിരിയണമെങ്കിൽ ഏറെ നാളത്തെ കഠിനാധ്വാനം ആവശ്യമായിവരും. ഈയിടെ വലിയ പ്രദർശനവിജയം നേടിയ ആർ.ഡി.എക്സ്. എന്ന സിനിമയുടെ സംവിധായകൻ നഹാസ് ഒരഭിമുഖത്തിൽ പറഞ്ഞത് ഇപ്രകാരമാണ്: "ശരിക്കും എട്ടുവർഷംകൂടിയാണ് മനസ്സറിഞ്ഞ് ഞാൻ ഒന്നു ചിരിക്കുന്നത്. അതു തിയേറ്ററിൽനിന്നു കൈയടി കിട്ടിയ ആറേഴു സെക്കൻഡുകളാണ്. ഒരു സിനിമാമോഹിയുടെ ജീവിതത്തിൽ ഈ ഏഴു സെക്കൻഡുകൾ പരമപ്രധാനമാണ്. ഇനി ഈ ഏഴു സെക്കൻഡുകൾ ലഭിക്കാൻ വർഷങ്ങൾ പണിയെടുക്കണം." സമാനമാണ് സാഹിത്യലോകത്ത് തന്റെ കൈയൊപ്പു പതിപ്പിക്കാൻ ആഗ്രഹിക്കുന്നവരുടെയും അവസ്ഥ. താനെഴുതിയതു നന്നായെന്നൊരു വാക്കിന്, വായനക്കാരൻ സംതൃപ്തിയോടെ പുസ്തകമടച്ചുവച്ച് ഹൃദയത്തിൽനിന്നു മുഴക്കുന്ന കരഘോഷത്തിനു വർഷങ്ങളുടെ കഠിനാധ്വാനം ആവശ്യമുണ്ട്. ഏറെ നിരാശയ്ക്കും കണ്ണീരിനും മടുപ്പിനുമൊക്കെശേഷം മിന്നിമായുന്ന ഈ കേവലനിമിഷങ്ങളിലാണ് അയാളുടെ ജീവിതസാഫല്യം. ജീവിച്ചു എന്നു തോന്നുന്ന, ജീവിതത്തിനർഥമുണ്ടെന്നു തിരിച്ചറിയുന്ന അനർഘനിമിഷങ്ങൾ.

**കാലമതിന്റെ കനത്ത കരംകൊണ്ട് എത്രയെല്ലാം പിടിച്ചുകുലുക്കിയാലും കൊഴിഞ്ഞുവീഴാത്ത അനശ്വരഫലങ്ങളാണ് നിങ്ങളാഗ്രഹിക്കുന്നതെങ്കിൽ അധികമാരും നടക്കാത്ത വഴിയിലൂടെ നടക്കാനും നിങ്ങൾ പരിശീലിക്കേണ്ടതുണ്ട്. ഇടുങ്ങിയ വഴികളിലൂടെ യാത്ര ചെയ്യാൻ ധൈര്യപ്പെടുന്നവരാണ് കലയിലും സ്വർഗരാജ്യം സ്വന്തമാക്കുക.**

കാലമതിന്റെ കനത്ത കരംകൊണ്ട് എത്രയെല്ലാം പിടിച്ചുകുലുക്കിയാലും കൊഴിഞ്ഞുവീഴാത്ത അനശ്വരഫലങ്ങളാണ് നിങ്ങളാഗ്രഹിക്കുന്നതെങ്കിൽ അധികമാരും നടക്കാത്ത വഴിയിലൂടെ നടക്കാനും നിങ്ങൾ പരിശീലിക്കേണ്ടതുണ്ട്. എളുപ്പമായ വഴികൾ, പരിചിതമായ വഴികൾ നൂതനമായതൊന്നും സമ്മാനിക്കില്ല. ഇടുങ്ങിയ വഴികളിലൂടെ യാത്ര ചെയ്യാൻ ധൈര്യപ്പെടുന്നവരാണ് കലയിലും സ്വർഗരാജ്യം സ്വന്തമാക്കുക. 'എല്ലാവരും വായിക്കുന്ന പുസ്തകങ്ങൾ വായിച്ചാൽ നിങ്ങൾക്ക് എല്ലാവരും ചിന്തിക്കുന്നപോലെ ചിന്തിക്കാനേ കഴിയൂ' എന്ന് ഹാരികി മുറകാമി എഴുതുന്നുണ്ട്. എല്ലാവരും വായിച്ചതുതന്നെ വായിച്ചാൽ, എല്ലാവരും എഴുതുന്നതുതന്നെയാവും നിങ്ങളും എഴുതാൻ പോവുക. എല്ലാവരും കാണുന്ന സിനിമകൾമാത്രം കാണുന്ന സിനിമാമോഹി മറ്റൊരു സാധാരണ സിനിമയ്ക്കുകൂടി ജന്മംകൊടുക്കും. മാറിച്ചിന്തിച്ചവരാണ് മാറ്റി മറിച്ചിട്ടുള്ളത്, അതെന്തിനായായാലും.

ചിലവേള നമ്മുടെ കഠിനാധ്വാനങ്ങൾ ഫലമണിയാൻ കാലമേറെ വേണ്ടിവന്നേക്കും എന്നതുമോർക്കുക. ഹാരി പോട്ടറിലൂടെ ലോകപ്രശസ്തയായിത്തീർന്ന ജെ. കെ. റൗളിങിന്റെ ജീവിതകഥതന്നെ ഉദാഹരണം. പന്ത്രണ്ടു പ്രമുഖ പ്രസാധകർ പ്രസിദ്ധീകരണയോഗ്യമല്ല എന്നു പറഞ്ഞ് ഉപേക്ഷിച്ച ഹാരി പോട്ടറിന്റെ കഥയാണ് പിന്നീട് ലോകമാകെ ബെസ്റ്റ് സെല്ലറായി മാറിയത്. ഹാരിപോട്ടറിന് പിൽക്കാലത്ത് ചലച്ചിത്രരൂപം കൈവന്നപ്പോൾ അതും ബോക്സ്ഓഫീസ് റെക്കോർഡുകൾ തകർത്തു. പരാജയങ്ങളിൽ ഹൃദയം തകർന്നാലും പിന്മാറാതെ പരിശ്രമിച്ചുകൊണ്ടേയിരിക്കുക. എലിസബത്ത് ഗിൽബർട്ട് എഴുതുന്നതുപോലെ; "നല്ല ലക്ഷണമാണത്, തകർന്ന ഹൃദയം. നമ്മൾ എന്തിനെങ്കിലും വേണ്ടി ശ്രമിച്ചുവെന്ന് അത് അർഥമാക്കുന്നുണ്ടല്ലോ?"

ഹെമിങ്‌വേയുടെ ഒരു വാചകംകൂടി ചേർത്തോട്ടെ; "എല്ലാ കഥകളും നീണ്ടുപോകുമ്പോൾ മരണത്തിലവസാനിക്കുന്നു. അതു മാറ്റിനിർത്തി കഥ പറയുന്ന ആളാകട്ടെ, നല്ല കാഥികനുമല്ല." മരണം സുനിശ്ചിതമാണ്. പൂവിനും പുൽനാമ്പിനും നാം ഓരോരുത്തർക്കും. പക്ഷേ, ജീവിക്കേണ്ട ജീവിതം എങ്ങനെയെന്നതു നമുക്കു നിശ്ചയിക്കാം. അതുതന്നെ ജീവിതത്തിന്റെ സൗഭാഗ്യവും.

■

# ജീവിച്ചിരിക്കുന്നവർക്കു ചരിത്രത്തെ വെളിവാക്കുന്ന അടയാളമാണ് മ്യൂസിയം

## മാർ ജോസഫ് കല്ലറങ്ങാട്ട്



പാലാ: ജീവിച്ചിരിക്കുന്നവർക്കു ചരിത്രത്തെ വെളിവാക്കുന്ന അടയാളമാണു മ്യൂസിയമെന്നു പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ സെന്റ് ജോസഫ്സ് എൻജിനീയറിങ് കോളജിൽ പുതുതായി ആരംഭിച്ച സയൻസ് ടെക്നോളജി & കൾച്ചറൽ ഹെറിറ്റേജ് മ്യൂസിയം നാടിനു സമർപ്പിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രപഞ്ചത്തിനു ദൈവം നല്കിയ സൗന്ദര്യം വെളിവാക്കുന്ന സ്ഥലമാണ് മ്യൂസിയമെന്നും അദ്ദേഹം പറഞ്ഞു.

രണ്ടു വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്ന മ്യൂസിയത്തിൽ ആദ്യഭാഗം സയൻസിനും ടെക്നോളജിക്കുംമാത്രമായി ക്രമപ്പെടുത്തിയിരിക്കുന്നു. ഇതിൽ കോളജിൽ നിലവിലുള്ള 9 ബി. ടെക് ബ്രാഞ്ചുകളെയും പ്രതിനിധീകരിക്കുന്ന സാധനങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നു. രണ്ടാമത്തെ വിഭാഗത്തിൽ കേരളസംസ്കാരവുമായി ബന്ധപ്പെട്ട പരമ്പരാഗതകാർഷികോപകരണങ്ങൾ, വിവിധയിനം പണിയായുധങ്ങൾ, പഴയകാലവിനോദോപാധികൾ, വിളക്കുകൾ, പഴയകാല അളവുതൂക്കങ്ങൾ, ലോഹങ്ങളിൽ തീർത്ത പ്രതിമകൾ, എഴുത്തുപകരണങ്ങൾ, ടൈപ്പ്റൈറ്ററുകൾ, പരമ്പരാഗതകലകളുമായി ബന്ധപ്പെട്ട വസ്തുക്കൾ, ജലചക്രങ്ങൾ എന്നിങ്ങനെ വിവിധ വസ്തുക്കൾ അടങ്ങിയിരിക്കുന്നു. കാമ്പസ് സന്ദർശിക്കുന്ന ഏതൊരാൾക്കും കാണാൻ ഉതകുന്ന രീതിയിൽത്തന്നെയാണ് കാമ്പസിന്റെ ഹൃദയഭാഗത്തായി മ്യൂസിയം ക്രമീകരിച്ചിരിക്കുന്നത്. ചടങ്ങിൽ കോളജ് ചെയർമാൻ മോൺ. ജോസഫ് മലേപ്പറമ്പിൽ, ഡോ. ടെസി തോമസ്, മാനേജർ ഫാ. മാത്യു കോരംകുഴ, പ്രിൻസിപ്പൽ ഡോ. വി. പി. ദേവസ്യ, വൈസ് പ്രിൻസിപ്പൽ ഡോ. മധുകുമാർ എസ്. തുടങ്ങിയവർ സംബന്ധിച്ചു.

ബാലകഥ

# വിജയവും പരാജയവും



ഷാജി മാലിപ്പാറ

"വെള്ളിയാഴ്ചയാണ് സ്കൂൾ പാർലമെന്റിലേക്കുള്ള തിരഞ്ഞെടുപ്പ്. ഓരോ ക്ലാസിൽനിന്നും ലീഡേഴ്സിനെ തിരഞ്ഞെടുക്കും. അതുകഴിഞ്ഞ് അവരിൽനിന്നു സ്കൂൾ ലീഡറെയും. ക്ലാസ് ലീഡറാകാൻ ആഗ്രഹമുള്ളവർ നാളെ നാലുമണിക്കു മുമ്പായി നാമനിർദേശപത്രിക തരണം. അതിന്റെ മാതൃക നോട്ടീസ് ബോർഡിൽ ഇട്ടിട്ടുണ്ട്." ടീച്ചർ തിങ്കളാഴ്ച അസംബ്ലിയും ഹാജരെടുക്കലും കഴിഞ്ഞപാടേ അറിയിച്ചു.

ഏഴ് എ ക്ലാസിലെ കുട്ടികൾ ഉത്സാഹത്തിലാണ്. ഏഴിലെ കുട്ടികളിൽനിന്നാണ് എല്ലാക്കൊല്ലവും സ്കൂൾലീഡർ ഉണ്ടാവുന്നത്. മിക്കവർഷവും അത് ഏഴ് എയിൽനിന്നാവാറുമുണ്ട്. ഇത്തവണയും അതിനു മാറ്റം ഉണ്ടാവാൻ ഇടയില്ല - താത്കാലികമോണിറ്ററായ ദിലീപ് തന്റെ നിഗമനം കൂട്ടുകാരുമായി പങ്കുവച്ചു. അവൻ ഏതായാലും പത്രിക സമർപ്പിക്കാൻ തീരുമാനിച്ചുകഴിഞ്ഞു.

"ഒന്നിലധികം നാമനിർദേശപത്രിക തന്നാൽ മത്സരം വേണ്ടിവരും. അപ്പോൾ വോട്ടെടുപ്പ് നടത്തും." ടീച്ചർ പറഞ്ഞതു കേട്ടപ്പോൾ കുട്ടികൾക്ക് ആവേശമായി. ദിലീപ് ഉടൻ കൂട്ടുകാരോട് വോട്ടു ചോദിച്ചുതുടങ്ങി. ആദിത്യൻ എന്തായാലും മത്സരിക്കുമെന്ന് അവനറിയാം. കാരണം ആറാംക്ലാസിലെ ലീഡർ ആദിത്യനായിരുന്നു. എന്നാലും താൻ മത്സരിച്ചാൽ ജയിക്കുമെന്ന് ദിലീപ് കണക്കുകൂട്ടി. കാരണം പഠനത്തിൽ ഒന്നാമനാണ് താൻ; അമ്മ എഴുതിത്തരുന്ന പ്രസംഗമൊക്കെ നന്നായി പറയാനും പറ്റും.

ഇതിനിടയിൽ സുരേഷ് ആദിത്യന്റെ അരികിലെത്തിയിട്ടു പറഞ്ഞു: "നീ ഇത്തവണ മത്സരിക്കരുത്.



മറ്റുള്ളവർക്കും അവസരം വേണ്ടേ? കഴിഞ്ഞ കൊല്ലം നീ ലീഡർ ആയതല്ലേ?"

"നീ ഇത്തവണ മത്സരിക്കുന്നുണ്ടോ?"

"ഉണ്ട്. അതുകൊണ്ടാണ് നിന്നോടു മാറി നിൽക്കാൻ പറഞ്ഞത്."

"എന്നാൽ ഞാൻ മത്സരിക്കുന്നില്ല." ആദിത്യൻ വാക്കുകൊടുത്തു.

പിറ്റേന്ന് ഏഴ് എയിൽനിന്ന് രണ്ടുപേരേ പത്രിക നൽകിയുള്ളൂ -ദിലീപും സുരേഷും. അടുത്ത ദിവസം ടീച്ചർ അവരുടെ പേരുകൾ പ്രഖ്യാപിച്ചു. വെള്ളിയാഴ്ച പത്തുമണിക്ക് രഹസ്യബാലറ്റിലൂടെയുള്ള വോട്ടെടുപ്പ് നടക്കുമെന്നും ടീച്ചർ അറിയിച്ചു. രണ്ടു സ്ഥാനാർഥികളും വോട്ടുതേടിയുള്ള പ്രചാരണമാരംഭിച്ചു. തനിക്ക് വോട്ടുചെയ്താൽ ഹോംവർക്കു ചെയ്യാൻ സഹായിക്കാമെന്നും അവ വാട്സാപ്പ് വഴി അയച്ചുകൊടുക്കാമെന്നും ദിലീപ് വാഗ്ദാനം ചെയ്തു. എന്നാൽ തന്നെ ജയിപ്പിച്ചാൽ നല്ലൊരു ചെലവ് ചെയ്യാമെന്നായിരുന്നു സുരേഷിന്റെ വാഗ്ദാനം.

അന്നു വൈകിട്ട് വീട്ടിലെത്തിയ ആദിത്യനോട് അമ്മ ചോദിച്ചു: "നീ മത്സരിക്കുന്നില്ലേ?"

ഇല്ലെന്നു പറഞ്ഞ അവൻ സുരേഷിനുവേണ്ടി ഒഴിഞ്ഞുകൊടുത്തതാണെന്നും വെളിപ്പെടുത്തി.

"കൊള്ളാം. നീയല്ലാതെ ആരെങ്കിലും ഇങ്ങനെ ചെയ്യുമോ? നിന്റെ ഇഷ്ടംപോലെ ആയിക്കോ. എനിക്കൊന്നും പറയാനില്ല." അമ്മ അവനെ കുറ്റപ്പെടുത്തി. അപ്പോൾമുതൽ ആദിത്യന്റെ ഉള്ളിൽ ഒരു നീറ്റൽ. സുരേഷിന്റെ വാക്കുകേട്ട് അബദ്ധം കാണിക്കേണ്ടായിരുന്നു. ഇനിയിപ്പോ മത്സരിക്കാനുള്ള സമയം കഴിഞ്ഞുതാനും. ഓർക്കുംതോറും സുരേഷിനോട് ദേഷ്യം കൂടിവന്നു. അങ്ങനെയാണ് അവൻ ക്ലാസിലെ പെൺകുട്ടികളോടെല്ലാം സുരേഷിന് വോട്ടു ചെയ്യരുതെന്നു പറഞ്ഞത്. ലീഡറും പെൺകുട്ടികളുടെ പ്രിയങ്കരനുമായ ആദിത്യൻ പറഞ്ഞത് അവർ അക്ഷരംപ്രതി അനുസരിക്കാമെന്നു സമ്മതിച്ചു.

വെള്ളിയാഴ്ചയായി. ക്ലാസിൽ വോട്ടെടുപ്പ് നടന്നു. ടീച്ചർ സ്ഥാനാർഥികളുടെ പ്രതിനിധികളെ വിളിച്ചുനിർത്തി വോട്ടെണ്ണി. ദിലീപിന് പതിനെട്ട് വോട്ടുണ്ട്; സുരേഷിന് പതിനേഴും. ഒരു വോട്ടിന്റെ ഭൂരിപക്ഷത്തിൽ ദിലീപ് ലീഡറായി തിരഞ്ഞെടുക്കപ്പെട്ടു. അപ്പോഴാണ് സുരേഷ് ഒരു സത്യം വെളിപ്പെടുത്തിയത് - അവൻ വോട്ടുചെയ്തത് ദിലീപിനാണത്രേ.

ടീച്ചർ കാരണം തിരക്കി. അവൻ പറഞ്ഞു: "എല്ലാവരും എനിക്ക് വോട്ടു ചെയ്യും, ഞാൻ ജയിക്കും. പാവം ദിലീപിന് വോട്ടൊന്നും കിട്ടാതെ സങ്കടമാവണ്ടാ എന്നു കരുതിയാ ഞാൻ അവന് വോട്ടു ചെയ്തത്."

എവിടെയാണ് തനിക്കു തെറ്റുപറ്റിയതെന്ന് സുരേഷിനു മനസ്സിലായില്ല. എന്നാലും തോൽവിക്കുമുമ്പിൽ കീഴടങ്ങാതെ അവൻ പറഞ്ഞു: "എന്നെ ലീഡറാക്കേണ്ടത് ഞാനല്ലല്ലോ? മറ്റുള്ളവർ അല്ലേ? ഞാൻ തന്നെ വോട്ടു ചെയ്തിട്ട് എനിക്കു ജയിക്കേണ്ടാ." അതുകേട്ട ടീച്ചർ പുഞ്ചിരിച്ചുകൊണ്ട് അവനു കൈ കൊടുത്തു. ■

# വേണം, നമുക്കൊരു പരിസ്ഥിതിമാനസാന്തരം

1-ാം പേജ് തുടർച്ച

ആരോഗ്യപരിപാലനം, തൊഴിലവസരങ്ങൾ, വിഭവങ്ങളുടെ ലഭ്യത, ഭവനനിർമാണം, നിർബന്ധിത കുടിയേറ്റം തുടങ്ങിയ മേഖലകളിൽ ഇതിന്റെ പ്രത്യാഘാതം ഉണ്ടാവും.

ദുരന്തത്തിലേക്കു നീങ്ങുന്ന അജഗണത്തെ നോക്കി നിസ്സഹായതയോടെ ചങ്കു പൊട്ടുന്ന ഒരു ഇടയന്റെ ശബ്ദം. "നാം ജീവിക്കുന്ന ലോകം തകർന്നുകൊണ്ടിരിക്കുകയാണ്," അദ്ദേഹം ഓർമിപ്പിക്കുന്നു. കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതം നിരവധി വ്യക്തികളുടെയും കുടുംബങ്ങളുടെയും ജീവിതങ്ങളെ കൂടുതൽ അപകടത്തിലാക്കുന്നു. ആരോഗ്യപരിപാലനം, തൊഴിലവസരങ്ങൾ, വിഭവങ്ങളുടെ ലഭ്യത, ഭവനനിർമാണം, നിർബന്ധിതകുടിയേറ്റം തുടങ്ങിയ മേഖലകളിൽ ഇതിന്റെ പ്രത്യാഘാതം ഉണ്ടാവും.

**ഒളിച്ചുവയ്ക്കാനാവാത്ത മാറ്റങ്ങൾ**

നിഷേധിക്കുന്നതിനും ഒളിച്ചുവയ്ക്കുന്നതിനും അവഗണിക്കുന്നതിനും ആപേക്ഷികമാക്കുന്നതിനുമുള്ള എല്ലാ ശ്രമങ്ങളുമാണു നടക്കുന്നതെന്ന് പാപ്പാ പറയുന്നു. എന്നാൽ, അതിനെയെല്ലാം മറികടന്നു കാലവസ്ഥാവ്യതിയാനം നമുക്കൊപ്പമുണ്ട്, കൂടുതൽ പ്രകടമായി വരികയും ചെയ്യുന്നു. അടുത്തകാലത്തായി കടുത്ത കാലാവസ്ഥാപ്രതിഭാസങ്ങൾ ഉണ്ടാവുന്നുവെന്നത് ആർക്കും നിഷേധിക്കാനാവാത്ത യാഥാർഥ്യമാണ്. തണുപ്പിക്കുന്നതിന്റെയും ചൂടാക്കുന്നതിന്റെയും കാലങ്ങൾ എല്ലാക്കാലത്തും ഉണ്ടായിരുന്നുവെന്നും അവ ഉണ്ടായിരിക്കുകയും ചെയ്യും എന്നതുപോലുള്ള വാദങ്ങൾ ശക്തമായ ശാസ്ത്രീയരേഖകളെന്ന മട്ടിൽ അവതരിപ്പിക്കപ്പെടുന്നു. എന്നാൽ, വളരെ പ്രസക്തമായ മറ്റൊരു ഡേറ്റയുണ്ട്, നാം ഇപ്പോൾ അനുഭവിക്കുന്ന താപവർധനയുടെ സമാനതകളില്ലാത്ത അനുഭവം. അതു സത്യമാണെന്നു തെളിയാൻ ഏറെക്കാലമൊന്നും വേണ്ടിവരില്ല, ഒരു തലമുറ പിന്നിട്ടാൽ മതിയാവും. സമുദ്രനിരപ്പ് ഉയരുന്നതും മഞ്ഞുപാളികൾ ഉരുകുന്നതും ഓരോ വ്യക്തിക്കും അവരുടെ ജീവിതകാലത്തുതന്നെ കാണാനാവും, പാപ്പാ ഓർമിപ്പിക്കുന്നു. ഇക്കാരണങ്ങൾമൂലം ഏതാനും വർഷങ്ങൾക്കുള്ളിൽ നിരവധി ജനങ്ങൾക്കു പുതിയ താമസസ്ഥലങ്ങളിലേക്കു മാറേണ്ടിവരും. അദ്ദേഹം മുന്നറിയിപ്പു തരുന്നു.

ഇടയ്ക്കിടെ വരുന്ന അസാധാരണമായ ചൂടിന്റെയും വരൾച്ചയുടെയും നാളുകളും ഭൂമി നടത്തുന്ന പ്രതിഷേധത്തിന്റെ മറ്റു നിലവിളികളും എല്ലാവരെയും ബാധിക്കാനിരിക്കുന്ന നിശ്ശബ്ദമായ രോഗത്തിന്റെ തൊട്ടറിയാവുന്ന പ്രകടനങ്ങളാണ്. എല്ലാ ദുരന്തവും ആഗോളകാലാവസ്ഥാവ്യതിയാനംമൂലമാണെന്നു പറയാനാവില്ലെന്നത് അംഗീകരിക്കുന്നു. എന്നാൽ, മനുഷ്യരുണ്ടാക്കുന്ന പ്രകോപനംമൂലം കൂടുതൽ അടുക്കലടുക്കൽ ഉള്ളതും തീക്ഷ്ണവുമായ കടുത്ത പ്രതിഭാസങ്ങൾക്കുള്ള സാധ്യത വർദ്ധിക്കുന്നു.

**ആഗോളതാപനം**

ആഗോളതാപനിലയിൽ 0.5 ഡിഗ്രി സെൽഷ്യസ് വർധനയുണ്ടാകുമ്പോൾ ചില പ്രദേശങ്ങളിൽ കനത്ത മഴയും പ്രളയവും ഉണ്ടാവുകയും മറ്റിടങ്ങളിൽ കടുത്ത വരൾച്ച ഉണ്ടാവുകയും ചില സ്ഥലങ്ങളിൽ രൂക്ഷമായ ചൂടുകാറ്റ് അടിക്കുകയും മറ്റു ചില സ്ഥലങ്ങളിൽ അതിശക്തമായ മഞ്ഞുവീഴ്ച ഉണ്ടാവുകയും ചെയ്യുന്നതായി നാം മനസ്സിലാക്കുന്നു. ഇതുവരെ ഓരോ വർഷവും വല്ലപ്പോഴുമാണ് ചൂടുകാറ്റു വീശിയിരുന്നതെങ്കിൽ ആഗോളതാപനിലയിൽ 1.5 ഡിഗ്രി വർധന ഉണ്ടായാൽ എന്താവും സംഭവിക്കുക? അത് ആസന്നമായിരിക്കുന്നു. മാർപാപ്പാ ചൂണ്ടിക്കാണിക്കുന്നു.

"ഈ ചൂടുകാറ്റുകൾ കൂടുതൽ അടുക്കലടുക്കലാവും, കൂടുതൽ രൂക്ഷവുമാവും. ആഗോളതാപനില രണ്ടു ഡിഗ്രികൂടി ഉയർന്നാലോ, മാനവകുലത്തിനാകെ വൻപ്രത്യാഘാതങ്ങൾ ഉണ്ടാക്കിക്കൊണ്ട് ഗ്രീൻലാൻഡിലെ മഞ്ഞുപാളികളും അന്റാർട്ടിക്കയുടെ സിംഹഭാഗവും ഉരുകിയില്ലാതാകും.

കഴിഞ്ഞ 50 വർഷംകൊണ്ട് ചൂട് ഒരിക്കലുമില്ലാത്തതുപോലെ ഉയർന്നു. കഴിഞ്ഞ 200 വർഷത്തിലെ ഏറ്റവും ഉയർന്ന അളവിലെത്തി. ഒരു ദശാബ്ദത്തിൽ 0.15 ഡിഗ്രി സെൽഷ്യസ് വച്ചു ചൂടുകൂടുകയായിരുന്നു. കഴിഞ്ഞ 150 വർഷംമുമ്പ് ഉണ്ടായിരുന്നതിന്റെ ഇരട്ടിയാണത്. 1850 മുതൽ ആഗോളതാപം ശരാശരി 1.1 ഡിഗ്രി സെൽഷ്യസ് കൂടി. ധ്രുവപ്രദേശങ്ങളിൽ അതിലും വലുതായിരുന്നു പ്രത്യാഘാതം. ഇന്നത്തെ നിരക്കിൽ പത്തു വർഷത്തിനകം 1.5 ഡിഗ്രി സെൽഷ്യസ് എന്ന ആഗോളപരിധിയിൽ നാം എത്തും. പാപ്പാ പറയുന്നു.

"ഭൂമിയുടെ ഉപരിതലത്തിൽ മാത്രമല്ല ഈ വർധനയുണ്ടാകുന്നത്. അന്തരീക്ഷത്തിൽ നിരവധി കിലോമീറ്റർ ഉയരത്തിലും സമുദ്രങ്ങളുടെ ഉപരിതലത്തിലും അവയുടെ നൂറുകണക്കിനു മീറ്ററുകൾ അടിയിലും ഈ പ്രത്യാഘാതം പ്രതിഫലിക്കും. അതുകൊണ്ട്, സമുദ്രങ്ങളിലെ അമ്ലത്തിന്റെ തോതു വർദ്ധിക്കും. ഓക്സിജന്റെ അളവു കുറയും. മഞ്ഞുപാളികൾ അപ്രത്യക്ഷമാവും. ഭൂമിയുടെ ഉപരിതലത്തിലെ മഞ്ഞിന്റെ ആവരണങ്ങൾ ഉരുകും. സമുദ്രനിരപ്പ് സ്ഥിരമായി ഉയർന്നുകൊണ്ടിരിക്കും.

**തിരിച്ചുപിടിക്കാനാവില്ല**

സമുദ്രങ്ങളിലെ ചൂടിന്റെയും അമ്ലത്തിന്റെയും വർധന, ഓക്സിജന്റെ കുറവ് തുടങ്ങിയ കാലാവസ്ഥാപ്രതിസന്ധികൾ, ഒരിക്കൽ ഉണ്ടായാൽ ഏതാനും നൂറ്റാണ്ടുകളിലേക്കെങ്കിലും തിരിച്ചുപിടിക്കാവുന്നവയല്ല എന്ന് പാപ്പാ ഓർമിപ്പിക്കുന്നു. സമുദ്രജലത്തിന് ഒരു തെർമൽ ഇനേർഷ്യയുണ്ട്. നിരവധി ജീവികളുടെ അസ്തിത്വത്തെ ബാധിക്കുന്ന അവയുടെ താപനിലയും ഉപ്പുരസവും ഒരിക്കൽ ക്രമരഹിതമായാൽ സാധാരണഗതിയിലാകാൻ നൂറ്റാണ്ടുകൾ വേണം.

ലോകത്തിലെ നിരവധിയായ ജീവികൾ സഹയാത്രികർ എന്ന പദവി വിട്ട് ഇരകളായതിലൂടെയും അപ്രത്യക്ഷമായതിലൂടെയും നൽകുന്ന സൂചനകളിൽ ഒന്നാണിത്. മഞ്ഞുപാളികളുടെ ക്ഷയിക്കലിന്റെ കാര്യത്തിലും ഇതുതന്നെ പറയാം. നൂറുകണക്കിനു വർഷങ്ങൾകൊണ്ടൊന്നും ഉരുകുന്ന ധ്രുവങ്ങളെ പഴയ നിലയിലാക്കാൻ സാധിക്കില്ല. കാലാവസ്ഥയെ സംബന്ധിച്ചിടത്തോളം ദീർഘകാലമായി തുടരുന്ന ഘടകങ്ങളുണ്ട്. അവയ്ക്കു നിമിത്തമായ സംഭവങ്ങളിൽനിന്നു സ്വതന്ത്രമായ കാര്യങ്ങളാവാം അവ. ഇക്കാരണംകൊണ്ട് നാം ഉണ്ടാക്കിയ ഭീകരമായ നാശത്തെ തടയാൻ നമുക്കാവില്ല. കൂടുതൽ ദാരുണമായ ദുരന്തം ഒഴിവാക്കുന്നതിനുമാത്രമാണ് നമുക്കു സാധിക്കുന്നത്.

**പരിസ്ഥിതിമാനസാന്തരം**

അതുകൊണ്ട് മാർപാപ്പാ പറയുന്നു: ഒരു പരിസ്ഥിതിമാനസാന്തരം ഉണ്ടാവണം. പ്രകൃതിയോടുള്ള സമീപനം മാറണം. തലമുറയ്ക്കുവേണ്ടി ഈ ഭൂമിയെ കാത്തുസൂക്ഷിക്കാൻ നമുക്കാവണം. ബൈബിൾ പറയുന്നതനുസരിച്ച് 'കൃഷി ചെയ്യാനും സംരക്ഷിക്കാനുമായി' ദൈവം ഏല്പിച്ച പ്രപഞ്ചത്തിന്റെ സംരക്ഷണം എല്ലാ മനുഷ്യരുടെയും ഒന്നാം പ്രമാണമാകണം. ഇല്ലെങ്കിൽ ഈ പ്രപഞ്ചം അധികം വൈകാതെ അധിവാസയോഗ്യമല്ലാതാവും. അതാണ് 'ലൗദാത്തെ ദേവും' നമ്മെ ഓർമിപ്പിക്കുന്നത്.

കാലഘട്ടത്തിന്റെ അടയാളങ്ങളെ കൃത്യമായി വ്യാഖ്യാനിച്ച് വരാനിരിക്കുന്ന ഭീകരദുരന്തങ്ങളിൽനിന്നു രക്ഷപ്പെടാൻ മുന്നറിയിപ്പു നല്കുന്ന പ്രവാചകനാവുകയാണ് ഫ്രാൻസിസ് പാപ്പാ. ഈ പ്രവചനങ്ങളെ സ്വീകരിച്ചു മാനസാന്തരപ്പെട്ട് ദുരന്തങ്ങളിൽനിന്നു രക്ഷപ്പെടുകയോ അല്ലെങ്കിൽ പ്രവചനത്തെ നിന്ദിച്ച്, നടക്കുന്ന വഴികളിലൂടെത്തന്നെ നടന്ന് മഹാദുരന്തത്തിൽ വീഴുകയോ ആവാം. അതു തീരുമാനിക്കേണ്ടത് ജനങ്ങളും അവരുടെ ഭരണാധികാരികളുമാണ്. ■

നോവൽ **19**

തേക്കിൻകാട് ജോസഫ്




സഖറിയാ തര്യന് വിവരവും വിദ്യാഭ്യാസവുമുണ്ട്. കാര്യങ്ങൾ കേട്ടാൽ മനസ്സിലാകും. യുക്തിയുടെയും ചിന്തയുടെയും കാര്യത്തിൽ അയാൾ പ്രഗല്ഭനാണ്. എല്ലാം കേട്ടുകഴിഞ്ഞപ്പോൾ സഖറിയ തര്യൻ പറഞ്ഞു:

"ഇന്ന് അന്നാമ്മക്കൊച്ചമ്മേടെ മകൻ പൗലോ. അവന്റെ പ്രശ്നം പരിഹരിക്കുമ്പോൾ റോസക്കൊച്ചമ്മേടെയോ ഏലിക്കൊച്ചമ്മേടെയോ മറിയക്കൊച്ചമ്മേടെയോ മക്കള് കേസിന് പോയാ വീണ്ടും തലവേദനയാവൂലേ. കേസിനു പോവില്ലാന്ന് നമ്മുക്കു പറയാൻ പറ്റില്ല. അതുകൊണ്ട് എന്റെ അഭിപ്രായത്തില് ഒരു ശാശ്വതപരിഹാരമാണു വേണ്ടത്."

സഖറിയാ തര്യൻ ഒന്നു നിറുത്തി. അടുത്തതായി എന്താണു പറയുന്നതെന്നറിയാൻ മാത്തുത്തരകനും ഇയ്യോബും കാതുകൂർപ്പിച്ചിരുന്നു. പെട്ടെന്ന് വെയിൽ മാഞ്ഞ് എവിടെനിന്നോ മഴ ഓടിയെത്തി. പ്രകൃതിയുടെ സന്തോഷാശ്രുക്കൾ.

സഖറിയാ തര്യൻ തുടർന്നു: "വല്യപ്പച്ചൻ ഒണ്ടാക്കിയ മൊതലൊന്നും ആർക്കും കൊടുക്കേണ്ട. ആർക്കും അതൊന്നും ചോദിക്കാനവകാശവുമില്ല. ദൈവാനുഗ്രഹത്താൽ വല്യപ്പച്ചൻ ധാരാളം സ്വത്ത് വാരിക്കൂട്ടിയിട്ടുമൊണ്ട്. എന്റെ അഭിപ്രായത്തില് വല്യപ്പച്ചന്റെ അപ്പന്റെ പൂർവികസ്വത്താണ് കൊട്ടാരത്തിൽ തറവാടുവക തെങ്ങിൻതോപ്പ്. കേട്ടിടത്തോളം മാത്തുച്ചായനാ അത് നട്ടുവളർത്തിക്കൊണ്ടു വന്നത്. അതു നോക്കണ്ട. ആ തെങ്ങിൻതോപ്പ് അവർക്കു വിട്ടുകൊടുക്കുക."

"പെട്ടെന്നു കേക്കുമ്പോ പ്രയാസം തോന്നും. എന്നാല് അവർക്കു ക്ലെയിം ചെയ്യാവുന്ന ഏക ഭൂമി അതാണ്. അതായിരിക്കണം, അതില് കണ്ണുവച്ചായിരിക്കും പൗലോ കേസ് ഫയൽ ചെയ്തത്."

സഖറിയാതര്യന്റെ വാക്കുകൾ അപ്പനും മകനും സശ്രദ്ധം കേൾക്കുകയായിരുന്നു. അവർ പരസ്പരം മുഖത്തോടു മുഖം നോക്കി. സഖറിയാ തര്യൻ തുടർന്നു: "നമ്മക്കു മനഃസമാധാനമാ വേണ്ടത്. ഈ തെങ്ങിൻതോപ്പു വിട്ടുകൊടുത്തൂന്നുവച്ച് നമ്മക്കൊരു ദോഷോം വരത്തില്ല. ഇവിടത്തെ സ്വത്തുക്കളും ഇയ്യോബിനൊള്ളതാണല്ലോ."

സഖറിയാ തര്യൻ എന്തോ ഗാഢമായി ആലോചിക്കുകയാണെന്ന് ഈ കണ്ണുകളിൽനിന്നും ഇയ്യോബ് വായിച്ചു.

സഖറിയാ തര്യനെ കേൾക്കുന്നതിലായിരുന്നു, ഇരുവർക്കും ഏറെ താത്പര്യം. എത്ര പെട്ടെന്നാണ് അയാൾ ഒരു നിഷ്പക്ഷമതിയുടെ വേഷം അണിഞ്ഞത്. അതേസമയം, വിവേകപൂർണമായിരുന്നു, സഖറിയാ തര്യന്റെ നിരീക്ഷണങ്ങൾ. അതുകൊണ്ട് അയാളുടെ വാക്കുകൾക്ക് അവർ കാതോർത്തു.

സഖറിയ തര്യൻ തുടർന്നു: "ഞാൻ മനസ്സിലാക്കിയിടത്തോളം വല്യപ്പച്ചന്റെ നാലുസഹോദരിമാർക്കുംകൂടി പതിനേഴു പേരാണു മക്കളായിട്ടുള്ളത്. അവർ പതിനേഴു പേരെയും അവകാശികളാക്കിക്കൊണ്ടുള്ള ഒരു ഡീഡ് ആണ് നമുക്കു വേണ്ടത്. അതെങ്ങനെ തയ്യാറാക്കാമെന്ന് നിങ്ങളുടെ വക്കീലുമായി ആലോചിക്കുക. 1092 ലെ തിരുവിതാംകൂർ ക്രിസ്ത്യൻ പിന്തുടർച്ചാവകാശനിയമം പാലിച്ചാവണം എല്ലാം തയ്യാറാക്കാൻ. അതുകൊണ്ടാണ് ജോൺ വക്കീലിന്റെ സഹായവും ഉപദേശവും വേണമെന്നു ഞാൻ പറയണത്. നിങ്ങൾ ജോൺ വക്കീലിനെക്കൂടി ഒന്നു കണ്ടിട്ടു പോകുന്നതു നല്ലതാണ്."

സഖറിയാ തര്യന്റെ ആ നിർദേശം പ്രായോഗികമാണെന്ന് ഇയ്യോബിനു തോന്നി.

"അതു ശരിയാ അപ്പച്ചാ. ജോൺ വക്കീലിന് ഇക്കാര്യത്തില് നമ്മെ സഹായിക്കാൻ സാധിക്കും."

"മറ്റൊന്നുകൂടി ഇയ്യോബേ. നമ്മുടെ കൊച്ചിന്റെ മാമ്മോദീസാ വരികയല്ലേ? അതിന് വല്യപ്പച്ചന്റെ സഹോദരിമാരുടെ മക്കളെക്കൂടി ക്ഷണിക്കുക. അതു നമുക്ക് ആഘോഷമാക്കാം. ആ കാരണം പറഞ്ഞ് അവരെയൊക്കെ ക്ഷണിക്കാൻ അവരുടെ വീടുകളിൽ ഇയ്യോബിനു പോവുകയും ചെയ്യാം."

"അത് നല്ലൊരാശയമാണ് സഖറിയായച്ചാ. നമുക്കവരെ കാണാനൊരവസരവുമായി."

മാത്തുത്തരകന് സഖറിയാ തര്യൻ പറഞ്ഞതിന്റെ പൊരുൾ പിടികിട്ടി. അയാൾക്കു മനഃസമാധാനമാ ഇപ്പോൾ വലുത്.

അവർ യാത്രപറഞ്ഞിറങ്ങുമ്പോൾ മഴ മാറി വെയിലിന്റെ പൊൻവെളിച്ചം ഭൂമിയാകെ പൊതിഞ്ഞു. ആ ധൂസരപ്രഭയിൽ മുങ്ങി അവരുടെ കാർ ജോൺ വക്കീലിന്റെ ബംഗ്ലാവു ലക്ഷ്യമാക്കി പാഞ്ഞു.

ജോൺ വക്കീലിന്റെ ബംഗ്ലാവിലെത്തുമ്പോൾ ഭാഗ്യത്തിന് അദ്ദേഹം സ്ഥലത്തുണ്ടായിരുന്നു. എവിടെയോ പോകാൻ അദ്ദേഹത്തിന്റെ കുതിരവണ്ടി തയ്യാറായിനില്ക്കുന്നുണ്ട്.

അവർ കാറിൽനിന്നിറങ്ങി പൂമുഖത്തേക്കു കയറുമ്പോൾ ജോൺ വക്കീൽ പറഞ്ഞു:

"വരൂ... വരൂ... ഞങ്ങൾ ഒരു ബന്ധുവീട്ടിൽ പോകാനൊരുങ്ങുകയായിരുന്നു. സാരമില്ല. നിങ്ങളെ കാണാൻ സാധിച്ചല്ലോ. എന്തൊക്കെയുണ്ട് വിശേഷങ്ങൾ?"

ജോൺ വക്കീലിന്റെ സഹധർമിണി അച്ചാമ്മ ആണ്ടമ്മയെ വന്നു ഹൃദയപൂർവം സ്വീകരിച്ചു.

"വരൂ... ചേടത്തി. ഞങ്ങടെ വീട്ടിൽ ആദ്യമായി വരികയാണല്ലോ. വരൂ."

അച്ചാമ്മ ആണ്ടമ്മയുടെ കരം ഗ്രഹിച്ച് സ്നേഹപൂർവം അവരെ അകത്തളത്തിലേക്ക് ആനയിച്ചു.

ഇയ്യോബിന്റെ വാക്കുകൾ ജോൺ വക്കീൽ ശ്രദ്ധാപൂർവം കേട്ടു. അദ്ദേഹത്തിന്റെ മുഖം ഗൗരവം പൂണ്ടു. എല്ലാം കേട്ടതിനുശേഷം ജോൺ വക്കീൽ വിശദീകരിച്ചു.

"എല്ലാ നിയമങ്ങളുടെയും പഴുതുകൾ അടച്ചുവേണം നമുക്ക് ഡോക്യുമെന്റുകൾ തയ്യാറാക്കാൻ. എനിക്ക് ഈ കേസിനെക്കുറിച്ചു വിശദമായി പഠിക്കണം. നമ്മുടെ കേസിന്റെ വിധി എല്ലാ ക്രിസ്ത്യൻ കുടുംബങ്ങൾക്കും ഒരു മാതൃകയാവണം. നല്ല സന്ദേശം നൽകുന്നതുമാവണം.

അദ്ദേഹം ഒന്നു നിറുത്തി. എന്നിട്ടു തുടർന്നു:

"നിങ്ങളുടെ തറവാട്ടിൽ പിറന്ന പുതിയ സന്തതിയുടെ മാമ്മോദീസാവിരുന്ന് നമുക്ക് ഐക്യത്തിന്റെയും സമാധാനത്തിന്റെ വിരുന്നാക്കി മാറ്റണം. ഞാൻ ബാലകൃഷ്ണൻ നായർ വക്കീലിനെ ഒന്നു കാണട്ടെ. കേസ് ഒത്തുതീർപ്പാക്കുന്നതിന്റെ ഒരു സൂചന അയാൾക്കു നല്കാം. അടുത്തയാഴ്ച ഞങ്ങൾ രണ്ടാളും ഹാജരാവേണ്ട ഒരു കേസ് ആലപ്പുഴ കോടതിയിലുണ്ട്. അപ്പോൾ ഞാനീക്കാര്യം സൂചിപ്പിക്കാം."

മാത്തുത്തരകന് ജോൺ വക്കീലിന്റെ വാക്കുകൾ ആശ്വാസം പകർന്നു. അത് അയാളുടെ മുഖത്തു പ്രകടമാകുകയും ചെയ്തു.

"വരൂ. നമുക്ക് കാപ്പി കുടിച്ചു പിരിയാം." ജോൺ വക്കീൽ അവരെ രണ്ടാളെയും ബംഗ്ലാവിലെ പ്രവിശാലമായ ഡൈനിങ് ഹാളിലേക്ക് ആനയിച്ചു. ഡൈനിങ് ഹാളിലെ ശരറാന്തലുകൾ പ്രകാശിച്ചു. അതിന്റെ പ്രഭാവലയത്തിൽ ഭിത്തികളിൽ നിരനിരയായി വച്ചിരുന്ന കുടുംബക്കാരണവന്മാരുടെ ചില്ലിട്ട ചിത്രങ്ങൾ പുഞ്ചിരി തൂകി. അവയിൽ ചിലത് വരപ്പുകളും മറ്റു ചിലതു ഫോട്ടോഫ്രെയിമുകളുമായിരുന്നു. അതിലൊരു ഫോട്ടോ ഇയ്യോബ് പ്രത്യേകം ശ്രദ്ധിക്കുന്നതുകണ്ട് ജോൺ വക്കീൽ വിശദീകരിച്ചു:

"എന്റെ പിതാവ് സിറിയക് വക്കീലാണ് അമ്മ മഹാറാണിയുടെ അടുത്തു നിൽക്കുന്നത്. അദ്ദേഹം കൊട്ടാരം വക്കീൽ കൂടിയായിരുന്നു. അപ്പനും എന്നെപ്പോലെ ഇംഗ്ലണ്ടിലാണ് ബാരിസ്റ്റർ പരീക്ഷ പഠിച്ചത്. അതുകൊണ്ട് ബ്രിട്ടീഷുകാരുമായുള്ള വ്യവഹാരങ്ങളിൽ അമ്മ റാണി അപ്പനെയാണ് ചുമതലപ്പെടുത്തുക."



അമ്മമഹാറാണിയുടെ അരികിൽ തലയുയർത്തി നില്ക്കുന്ന സിറിയക് വക്കീലിന്റെ പാശ്ചാത്യവേഷം ഇയ്യോബ് പ്രത്യേകം ശ്രദ്ധിച്ചു. ഒരുമിച്ച് ഇത്രയും കാരണവന്മാരുടെ ചിത്രങ്ങൾ ആദ്യം കാണുകയായിരുന്നു, ഇയ്യോബ്.

വിഭവസമൃദ്ധമായ കാപ്പിസൽക്കാരം കഴിഞ്ഞിറങ്ങുമ്പോൾ സായന്തനസൂര്യൻ പുഞ്ചിരിപൊഴിച്ചു നിൽക്കുന്നു.

ജോൺ വക്കീലും ഭാര്യ അച്ചാമ്മയും അവരെ പടിപ്പുരമാളികവരെ വന്ന് യാത്രയാക്കി. ആണ്ടമ്മ കാറിൽ കയറാൻ തുടങ്ങവേ അച്ചാമ്മ അവരെ വാത്സല്യപൂർവം ആശ്ലേഷിച്ചു യാത്രയാക്കി.

ബംഗ്ലാവിന്റെ വശത്തായി തീർത്തിരിക്കുന്ന പ്രാവിൻകൂട്ടിൽനിന്ന് കുട്ടത്തിപ്രാവുകൾ മെല്ലെ കുറുകി അവർക്കു യാത്രാവന്ദനം ചൊല്ലി.

(തുടരും)

**സാഹിത്യവിചാരം**


# ഘടനാവാദം

ഡോ. തോമസ് സ്കറിയ



ഘടനാപരമായ വാദത്തിന്റെ സൈദ്ധാന്തികമായ തലങ്ങൾ ഒരു പാഠം നിർമിക്കുന്ന ഘടകങ്ങളെ പരിശോധിക്കുകയും അവ എങ്ങനെ അർഥം സൃഷ്ടിക്കാൻ സഹായിക്കുന്നുവെന്ന് കണ്ടെത്തുകയും ചെയ്യുന്നു. കലാനിർമിതിയുടെ അപഗ്രഥനത്തിൽ ഘടകങ്ങളുടെ സംയോജനത്തിനുള്ള പ്രാധാന്യത്തിൽ ഘടനാവാദം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സൂക്ഷ്മവായനയ്ക്ക് ഊന്നൽ നൽകുന്ന ഘടനാവാദം കലാസൃഷ്ടിയുടെ അർഥം, കവിതയിലായാലും സിനിമയിലായാലും, അടിസ്ഥാനഘടകങ്ങൾ തമ്മിലുള്ള പരസ്പരബന്ധത്തിന്റെ ഫലമാണ് എന്നു വ്യക്തമാക്കുന്നു. അവിടെ പദങ്ങൾ, ശബ്ദങ്ങൾ അല്ലെങ്കിൽ ചിഹ്നങ്ങൾ എന്നിവയ്ക്ക് സാമ്പ്രദായികമായി നാം അവയുമായി സന്നിവേശിപ്പിച്ചിട്ടുള്ള സാംസ്കാരിക അർഥങ്ങളുമായി ബന്ധമുണ്ട്. അതു തിരിച്ചറിഞ്ഞ് ഘടകങ്ങളുടെ സംയോജനവും വായിക്കപ്പെടുന്നു. ഒരു സാഹിത്യനിരൂപകനോ നരവംശശാസ്ത്രജ്ഞനോ സാമൂഹികശാസ്ത്രജ്ഞനോ ആരുമാകട്ടെ, കുടുംബം, ബന്ധുത്വം, ആഖ്യാനം തുടങ്ങിയ ഘടനകൾ തമ്മിലുള്ള സവിശേഷബന്ധത്തെ വേർതിരിച്ചെടുക്കാൻ വായനക്കാരനെ പ്രാപ്തനാക്കുന്നതിനാൽ, വിജ്ഞാനത്തിന്റെ അനുബന്ധമേഖലകളിലും ഘടനാവാദം ഒരു പ്രധാന പങ്കു വഹിച്ചിട്ടുണ്ട്.

പാശ്ചാത്യരാജ്യങ്ങളിൽ, 1940 കൾ മുതൽ 1960 കളുടെ മധ്യംവരെ പ്രചാരത്തിലിരുന്ന ആർക്കിടൈപ്പൽ ക്രിട്ടിസിസം എന്നു വിളിക്കപ്പെടുന്ന നിരൂപണ സമ്പ്രദായത്തിൽ, അമേരിക്കയിലെ ഏറ്റവും സ്വാധീനമുള്ള കനേഡിയൻ സൈദ്ധാന്തികനായ നോർത്രോപ് ഫ്രൈയുടെ സമീപനത്തിൽ ഘടനാവാദത്തിന്റെ സ്വഭാവം ഒരു പരിധിവരെ കാണാം. റിച്ചാർഡ് ചേസ്, ലെസ്ലി ഫീഡ്ലർ, ഡാനിയൽ ഹോഫ്മാൻ, ഫിലിപ്പ് വീൽറൈറ്റ് എന്നിവരായിരുന്നു ആർക്കിടൈപ്പൽ ക്രിട്ടിസിസത്തിന്റെ മറ്റു പരിശീലകർ. സാർവത്രികമായുള്ള മിത്തുകൾ, ആചാരങ്ങൾ, നാടോടിക്കഥകൾ എന്നിവയെക്കുറിച്ചുള്ള നരവംശശാസ്ത്രത്തിന്റെയും മനഃശാസ്ത്രത്തിന്റെയും കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, ഈ വിമർശകർ ശാസ്ത്രം, അനുഭവവാദം, പോസിറ്റിവിസം, സാങ്കേതികവിദ്യ എന്നിവയാൽ അന്യവത്കരിക്കപ്പെട്ടതും വിഘടിച്ചതുമായ ഒരു ലോകത്തിലേക്ക് ആത്മീയബോധ്യം പുനഃസ്ഥാപിക്കാൻ ശ്രമിച്ചു. മാജിക്, ഭാവന, സ്വപ്നങ്ങൾ, അവബോധം, അബോധാവസ്ഥ എന്നിവ മനസ്സിലാക്കാൻ കഴിയുന്ന മിത്തിന്റെ പങ്കു വീണ്ടെടുക്കാൻ അവർ ആഗ്രഹിച്ചു. പുരാണസൃഷ്ടിയെ മനുഷ്യചിന്തയുടെ അവിഭാജ്യ ഘടകമായി അവർ വീക്ഷിച്ചു, കൂടാതെ, സാഹിത്യം മിത്തിന്റെ ഒരു കാമ്പിൽനിന്നാണ് ഉയർന്നുവരുന്നതെന്നു വിശ്വസിച്ചു. അവിടെ 'മിത്ത്' എന്നത് വിവിധ സംസ്കാരങ്ങളുടെയും ഗണങ്ങളുടെയും ഭാഗത്തുനിന്ന് മനുഷ്യന്റെ നിലനിൽപ്പിന് അർഥവത്തായ ഒരു സന്ദർഭം സ്ഥാപിക്കാനുള്ള കൂട്ടായ ശ്രമമായി മനസ്സിലാക്കപ്പെടുന്നു. ഫ്രൈയുടെ അനാട്ടമി ഓഫ് ക്രിട്ടിസിസം (1957) നവീനവിമർശനത്തിൽ ഫോർമലിസ്റ്റിക് ഊന്നൽ തുടർന്നു. പക്ഷേ, വിമർശനം ശാസ്ത്രീയവും വസ്തുനിഷ്ഠവും വ്യവസ്ഥാപിതവുമായ ഒരു മേഖലയായിരിക്കണമെന്ന് അദ്ദേഹം കൂടുതൽ ശക്തമായി ശഠിച്ചു. മാത്രമല്ല, അത്തരം സാഹിത്യവിമർശനം സാഹിത്യത്തെത്തന്നെ ഒരു വ്യവസ്ഥിതിയായി വീക്ഷിക്കുന്നുവെന്ന് ഫ്രൈ പറഞ്ഞു. ഉദാഹരണത്തിന്, വസന്തം, വേനൽ, ശരത്കാലം, ശീതകാലം എന്നിവയുടെ മിഥോയ് (Mythoi) ശുഭാന്ത്യം, ദുരന്തം, ആക്ഷേപഹാസ്യം, പ്രണയം തുടങ്ങിയ അടിസ്ഥാന സാഹിത്യരീതികൾക്കു കാരണമായിത്തീരാം എന്ന വാദം നോക്കാം. ഓരോ സാഹിത്യരൂപവും ഒരു പ്രത്യേക സീസണുമായി ബന്ധപ്പെടുന്നു. കോമഡി വസന്തവുമായും പ്രണയം വേനലുമായും ദുരന്തം ശരതുമായും ആക്ഷേപഹാസ്യം ശൈത്യവുമായും ബന്ധപ്പെട്ടിരിക്കുന്നു. കോമഡി വസന്തകാലവുമായി ബന്ധപ്പെടാൻ ചില കാരണങ്ങളുണ്ട്. ശൈത്യത്തെയും ഇരുട്ടിനെയും വസന്തം പരാജയപ്പെടുത്തുന്നു. അടിസ്ഥാനപ്രതീകാത്മകരൂപങ്ങളുടെ ആവർത്തനം കണക്കിലെടുക്കുമ്പോൾ, സാഹിത്യചരിത്രം ആവർത്തനവും സ്വയം ഉൾക്കൊള്ളുന്നതുമായ ഒരു ചക്രമാണ്. അതിനാൽ, ഫ്രൈയുടെ വിശ്വാസം സാഹിത്യവിമർശനം ഒരു ശാസ്ത്രമാണെന്നായിരുന്നു. ആദിരൂപങ്ങൾ സാഹിത്യത്തെ ഏകോപിപ്പിക്കുന്ന ഘടകമാണ്. പക്ഷേ, അവിടെ ചരിത്രപരമായ ഘടകം ഫലപ്രദമായി റദ്ദാക്കപ്പെടുന്നു, സാഹിത്യത്തെ കാലാതീതവും നിശ്ചലവും സ്വയംഭരണനിഷ്ഠവുമായ ഒരു നിർമിതിയായി വീക്ഷിക്കുന്നു. ഘടനാവാദമാകട്ടെ എന്തും നിർമിക്കപ്പെട്ടിരിക്കുന്ന അടിസ്ഥാനപരമായ മൗലിക ഘടകങ്ങളെ കണ്ടെത്താൻ പരിശ്രമിക്കുന്ന ഒരു ചിന്താപദ്ധതിയാണ്. ആ ഘടകങ്ങളെ ഏകകങ്ങൾ എന്നു പറയാം. അവയാണ് ഏതൊരു വ്യവസ്ഥയെയും നിർമിക്കുന്നത്. സാഹിത്യകൃതി ഭാഷയാൽ നിർമിക്കപ്പെട്ടതായതിനാൽ ഭാഷയെ സംബന്ധിച്ച ഘടനാപരമായ പരിശോധനയോടെ സാഹിത്യത്തിലെ ഘടനാവാദം ആരംഭിക്കുന്നു.



ഡാനിയേൽ ഹോഫ്മാൻ



ഫെർഡിനാന്റ് സൊസൂർ



ലെസ്ലി ഫീൽഡർ

സ്വിസ് ഭാഷാശാസ്ത്രജ്ഞനായ ഫെർഡിനാൻഡ് ഡി സൊസൂറിന്റെ (1857–1913) പ്രവർത്തനമാണ് ഘടനാവാദത്തിന്റെ അടിത്തറ പാകിയത്. കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക്സിൽ, (1916) സൊസൂർ ഭാഷയെ ഒരു ചിഹ്നവ്യവസ്ഥയായി കണ്ടു, അത് സമ്പ്രദായംവഴി നിർമിച്ചതാണ്, ഇത് ഏകകാലിക (synchronic) ഘടനാപരമായ വിശകലനത്തിനു സഹായിച്ചു. അർഥംതന്നെ ആപേക്ഷികമാണ്, ആ വ്യവസ്ഥയ്ക്കുള്ളിലെ വിവിധ സൂചകങ്ങളുടെയും സൂചിതങ്ങളുടെയും പ്രതിപ്രവർത്തനത്താൽ അത് ഉത്പാദിപ്പിക്കപ്പെടുന്നു. 1960 കളിൽ ഫ്രാൻസിൽ നിന്ന് അമേരിക്കയിലേക്ക് ഘടനാവാദം ഇറക്കുമതി ചെയ്യപ്പെട്ടു. റോമൻ ജേക്കബ്സൺ, ജോനാഥൻ കുള്ളർ, മൈക്കൽ റിഫറ്റേർ, ക്ലോഡിയോ ഗില്ലെൻ, ജെറാൾഡ് പ്രിൻസ്, റോബർ ഷോൾസ് എന്നിവരായിരുന്നു അതിന്റെ മുൻനിര വക്താക്കൾ. സി.എസ്. പിയേഴ്സ്, ചാൾസ് മോറിസ്, നോം ചോംസ്കി എന്നിവരും സെമിയോട്ടിക്സ് മേഖലയിൽ പ്രവർത്തിച്ച മറ്റ് അമേരിക്കൻ ചിന്തകരാണ്. സ്ട്രക്ചറലിസ്റ്റ് പൊയറ്റിക്സ് (1975) എന്ന തന്റെ വിഖ്യാതപഠനത്തിൽ, സാഹിത്യത്തിന്റെ ഘടനാപരമായ അന്വേഷണങ്ങൾ സാഹിത്യത്തിന്റെ അടിസ്ഥാനപരമായ സാമ്പ്രദായിക സംവിധാനങ്ങളെ തിരിച്ചറിയാൻ സഹായിക്കുമെന്ന് ജോനാഥൻ കുള്ളർ വിശദീകരിച്ചു. റോബർട്ട് സ്കോൾസ്, സ്ട്രക്ചറലിസം ഇൻ ലിറ്ററേച്ചർ ആൻ ഇൻട്രഡൊക്ഷൻ (1974) എന്ന കൃതിയിൽ വിവിധ ഗ്രന്ഥങ്ങളുടെ പരസ്പരബന്ധിതമായ ഒരു സംവിധാനമെന്ന നിലയിൽ സാഹിത്യത്തെക്കുറിച്ചുള്ള പഠനത്തിന് ശാസ്ത്രീയാടിത്തറ നൽകി. സ്ട്രക്ചറലിസത്തിന്റെ പ്രധാനതത്ത്വങ്ങൾ സൊസൂറിന്റെയും റൊളാങ് ബാർത്തിന്റെയും കൃതികളിൽ വായിക്കാം.

ആധുനികഭാഷാശാസ്ത്രത്തിന്റെയും ഘടനാവാദത്തിന്റെയും സ്ഥാപകൻ ഫെർഡിനാൻഡ് ഡി സൊസൂർ ആണ്. ഒരു സ്വിസ്കുടുംബത്തിൽ ജനിച്ച സൊസൂർ, പാരീസിലും പിന്നീട് ജനീവ സർവകലാശാലയിലും ഗോതിക്, പഴയ ജർമ്മൻ, ലാറ്റിൻ, പേർഷ്യൻ തുടങ്ങി നിരവധി വിഷയങ്ങൾ പഠിപ്പിച്ചു. സാമാന്യഭാഷാശാസ്ത്രത്തിലെ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ, മരണാനന്തരം അദ്ദേഹത്തിന്റെ സഹപ്രവർത്തകർ കോഴ്സ് ഇൻ ജനറൽ ലിംഗ്വിസ്റ്റിക് (1916) എന്ന പേരിൽ സമാഹരിച്ചതാണ് ഘടനാ വാദത്തിന് അടിത്തറയിട്ടത്.



നോർത്രോപ് ഫ്രൈ

സൊസൂറിന് മുമ്പ്, ഭാഷാവിശകലനത്തിന്റെ പ്രധാന രീതികൾ ചരിത്രപരവും ഫിലോലോജിക്കലുമായിരുന്നു. ഒരു നിശ്ചിത കാലയളവിൽ ഭാഷയിലെ മാറ്റങ്ങൾ പഠിക്കുന്ന ബഹുകാലിക (ഡയക്രോണിക്) സമീപനത്തിനു വിരുദ്ധമായി, ഒരു നിശ്ചിത ഘട്ടത്തിൽ ഭാഷയെ പൂർണമായും പഠിക്കാൻ കഴിയുന്ന ഒരു ഘടനയായി സൊസൂർ ഒരു ഏകകാലിക (സിൻക്രോണിക്) സമീപനം സ്വീകരിച്ചു. കൂടുതൽ സ്വാധീനമുള്ളതും സമൂലവുമായ ഉൾക്കാഴ്ചകൾക്ക് സൊസൂർ തുടക്കമിട്ടു. ഒന്നാമതായി, വാക്കുകളും വസ്തുക്കളും തമ്മിൽ സ്വാഭാവികമായ ഒരു ബന്ധമുണ്ടെന്ന സങ്കല്പത്തെ അദ്ദേഹം നിഷേധിച്ചു, ഈ ബന്ധം സാമ്പ്രദായികമാണെന്നു പറഞ്ഞു. ഭാഷയെക്കുറിച്ചുള്ള ഈ വീക്ഷണം യാഥാർഥ്യം സ്വതന്ത്രവും ഭാഷയ്ക്കു പുറത്തു നിലനിൽക്കുന്നതുമാണെന്ന വീക്ഷണത്തെ അവതരിപ്പിച്ചു, ഇത് ഭാഷയെ കേവലം ഒരു 'പേരു നൽകുന്ന സമ്പ്രദായം' ആയി ചുരുക്കുന്നു. സൊസൂറിന്റെ വീക്ഷണം സൂചിപ്പിക്കുന്നത് രണ്ടു കാര്യങ്ങളാണ്

ഒന്ന്: ഭാഷയിലൂടെ നമ്മുടെ ലോകത്തെക്കുറിച്ചുള്ള ഒരു ധാരണ നാം വളർത്തിയെടുക്കുകയും ഭാഷയിലൂടെ ലോകത്തെ വീക്ഷിക്കുകയും ചെയ്യുന്നു. രണ്ട്: ഭാഷയെ ബന്ധമുള്ള ചിഹ്നങ്ങളുടെ ഒരു സംവിധാനമാണെന്ന് സമർഥിച്ചു.

ഒറ്റയ്ക്ക് ഒരു ചിഹ്നത്തിനും അർഥമില്ല; മറിച്ച്, അതിന്റെ സൂചന മറ്റു ചിഹ്നങ്ങളിൽനിന്നുള്ള വ്യത്യാസത്തെയും മുഴുവൻ ചിഹ്നങ്ങളുടെ ശൃംഖലയിലെ സാഹചര്യത്തെയും ആശ്രയിച്ചിരിക്കുന്നു. അവസാനമായി, സൊസൂർ ഭാഷയുടെ രണ്ടു മാനങ്ങൾ തമ്മിൽ വേർതിരിവുണ്ടാക്കി. ചില നിയമങ്ങളെ അടിസ്ഥാനമാക്കിയുള്ള ഒരു ഘടനാപരമായ സംവിധാനമായി ഭാഷയെ പരാമർശിക്കുന്ന ലാംഗ്വേ, ആ നിയമങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രത്യേക ഭാഷണമോ ഉച്ചാരണമോ ആയ പരോൾ എന്നിങ്ങനെ. സൊസൂർ 'ചിഹ്നം', 'സൂചകം', 'സൂചിതം' എന്നീ പദങ്ങളെ ഉപയോഗിക്കുന്നത് വളരെ പ്രധാനമാണ്. ചിഹ്നത്തിന്റെ രണ്ട് ഭാഷാപരമായ പദങ്ങളും മനഃശാസ്ത്രപരമായ സ്വഭാവമുള്ളതാണെന്ന് സൊസൂർ വാദിക്കുന്നു. ചിഹ്നം ഒരു വസ്തുവിനെയും പേരിനെയും അല്ല സൂചിപ്പിക്കുന്നത്; മറിച്ച്, ഒരു ആശയവും ശബ്ദ-ചിത്രവും ഒന്നിപ്പിക്കുന്നു. രണ്ടാമത്തേത് ഭൗതികമായ ശബ്ദമല്ല; മറിച്ച്, 'ശബ്ദത്തിന്റെ മനോമുദ്ര'യാണ്, അത് നമ്മുടെ ഇന്ദ്രിയങ്ങളിൽ ഉണ്ടാക്കുന്ന മതിപ്പ് അതിനാൽ അതും മാനസികമാണ്. സന്ദിഗ്ധത ഒഴിവാക്കാൻ, സൊസൂർ പുതിയ പദാവലി നിർദേശിക്കുന്നു. ചിഹ്നം മുഴുവൻ നിർമിതിയെയും സൂചിപ്പിക്കുന്നു. സിഗ്നിഫൈഡ് ആശയത്തെയും സിഗ്നിഫൈർ ശബ്ദബിംബത്തെയും. സൂചകവും സൂചിതവും തമ്മിലുള്ള ബന്ധം ആരോപിതമാണ്. അവ തമ്മിൽ യുക്തിപരമായ ബന്ധമൊന്നുമില്ല. ഉദാഹരണത്തിന് നായ എന്ന പദം എടുക്കാം. ഇംഗ്ലീഷിൽ ഡോഗാണ്. ജർമ്മനിൽ നായും ഡോഗുമല്ല hund ആണ്. ഫ്രഞ്ചിൽ chien. സ്പാനിഷിൽ perro. ഒരു സംപ്രത്യയത്തിന് വിവിധ ഭാഷകളിൽ വ്യത്യസ്ത ശബ്ദബിംബങ്ങൾ. ഈ അഭിധായകത്വതത്ത്വം സൊസൂർ വ്യക്തമാക്കി.

■

# നിങ്ങൾ ദാസന്മാരല്ല, സ്നേഹിതരാണ്



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**ഭാഗ്യസ്മരണാർഹനായ ബനഡിക്ട് പതിനാറാമൻ മാർപാപ്പായെക്കുറിച്ച് കർദിനാൾ റോബർട്ട് സറാ രചിച്ച പുതിയ പുസ്തകത്തെക്കുറിച്ചുള്ള പഠനം.**

**പതിനഞ്ചാം ഭാഗം**

**2011** ജൂൺ 29-ാം തീയതി വിശുദ്ധ പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനു പുതിയ മെത്രാപ്പോലീത്തൻ ആർച്ചുബിഷപുമാർക്ക് 'പാലിയം' നല്കിയപ്പോൾ ബനഡിക്ട് പതിനാറാമൻ മാർപാപ്പാ ചെയ്ത പ്രസംഗത്തിലെ പ്രധാനഭാഗങ്ങൾ ചുവടെ ചേർക്കുന്നു.



ആദ്യമേതന്നെ, തന്റെ തിരുപ്പട്ടസ്വീകരണത്തിന്റെ അറുപതാം വാർഷികമാണെന്നും 1951 ജൂൺ 29-ാം തീയതി മ്യൂണിക് ഫ്രയിസിങ് അതിരൂപതയുടെ മഹാനായ മെത്രാപ്പോലീത്താ കാർഡിനൽ മൈക്കിൾ ഫോൺ ഫൗൾഹാബർ, (1869-1952) 'ഞാൻ നിങ്ങളെ ഇനിമേൽ ദാസന്മാർ എന്നു വിളിക്കുകില്ല, എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതന്മാർ എന്നു വിളിച്ചിരിക്കുന്നു' (യോഹ. 15: 15) എന്ന വാക്കുകൾ നേർത്തതെങ്കിലും ഉറച്ച സ്വരത്തിൽ നവവൈദികരെ അഭിസംബോധന ചെയ്തു പറഞ്ഞതിന്റെ പ്രതിധ്വനി ഇപ്പോഴും തന്റെ കർണപുടങ്ങളിൽ മുഴങ്ങുന്നുണ്ടെന്നും ബനഡിക്ട് പിതാവ് ഓർമിപ്പിച്ചു.

**സ്നേഹിതർ**

തിരുപ്പട്ടദാനശുശ്രൂഷയുടെ ഭാഗമായി കാർമികൻ ഈ വാക്കുകൾ ഉച്ചരിച്ചപ്പോൾ താൻ പുരോഹിതൻ എന്ന നിലയിൽ ഈശോയുടെ സ്നേഹിതരുടെ ഗണത്തിൽ ചേർക്കപ്പെടുകയാണെന്നു നവവൈദികനായ ജോസഫ് റാറ്റ്സിങ്ങർക്ക് അനുഭവപ്പെട്ടു.

'കർത്താവ് എന്നെ സ്നേഹിതൻ എന്നു വിളിക്കുന്നു. അതുവഴി, അന്ത്യത്താഴസമയത്തു സ്നേഹിതന്മാർ എന്ന് അഭിസംബോധന ചെയ്യപ്പെട്ട ശ്ലീഹന്മാരുടെ പീഡാസഹനവും കുരിശുമരണവുമാണ്. നമ്മുടെ പാപങ്ങൾ കാരണത്താലും അവയ്ക്കു പരിഹാരമായുമാണ് കർത്താവ് സഹിച്ചത്. മനുഷ്യന്റെ തിന്മയുടെ പാരമ്യവും ദൈവസ്നേഹത്തിന്റെ പാരമ്യവും ഇവിടെ വെളിവാകുന്നു.

**മനസ്സിന്റെ താദാത്മ്യം**

ഈശോ തന്റെ പുരോഹിതനെ സ്നേഹിതൻ എന്നു വിളിക്കുന്നു. സ്നേഹിതരുടെ പ്രത്യേകത അവർ ഒരേ കാര്യങ്ങൾ ആഗ്രഹിക്കുന്നു; അതുപോലെ ഒരേ വിധം ചില കാര്യങ്ങൾ വേണ്ടെന്നുവയ്ക്കുന്നു എന്നതുമാണ്. ഒരേ ഇഷ്ടങ്ങളും ഒരേ അനിഷ്ടങ്ങളും എന്നർഥമുള്ള ഒരു ചൊല്ല് ലത്തീൻഭാഷയിലുണ്ട് (Idem Velle, Idem nolle). ഈശോ എന്നെ അറിയുന്നു, എന്നെ പേരു ചൊല്ലി വിളിക്കുന്നു. ഞാനും ഈശോയെ അറിയണം. വിശുദ്ധ ലിഖിതങ്ങളും കൂദാശകളുടെ സ്വീകരണവും പ്രാർഥനയുമെല്ലാം ഈ സംസർഗം യാഥാർഥ്യമാക്കുന്നു. ഇതിലും ഉപരിയായി 'ഒരുവൻ തന്റെ സ്നേഹിതർക്കുവേണ്ടി ജീവൻ ത്യജിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല' (യോഹ. 15:13) എന്ന സന്ദേശമാണ് ഈശോ തന്റെ സ്നേഹിതർക്കു നല്കിയത്.

'തനിക്കുവേണ്ടിത്തന്നെ ജീവിക്കാതെ, അങ്ങയോടൊപ്പം മറ്റുള്ളവർക്കുവേണ്ടി ജീവിക്കുവാൻ എന്നെ സഹായിക്കണമേ' എന്നു പ്രാർഥിക്കാനാണ് ബനഡിക്ട് പാപ്പാ ഉപദേശിക്കുന്നത്. മുന്തിരിവള്ളിയും ശാഖകളുമായുള്ള ബന്ധമാണ് ഇവിടെ പ്രസക്തം. ഈശോ തന്റെ സ്നേഹിതരായ ശ്ലീഹന്മാരെ അയയ്ക്കുകയും ഫലം പുറപ്പെടുവിക്കണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്യുന്നുണ്ട്. ഈശോ ആഗ്രഹിക്കുന്ന ഫലം ദൈവസ്നേഹവും പരസ്നേഹവുമാണ്. ഒറ്റയ്ക്കല്ല മറ്റുള്ളവരോടൊപ്പമാണ് ദൈവത്തിങ്കൽ എത്തേണ്ടതെന്നുള്ള മഹാനായ ഗ്രിഗറിയുടെ വാക്കുകളും ബനഡിക്ട് പിതാവ് ഓർമിപ്പിക്കുന്നു.

'പ്രിയ സ്നേഹിതരേ, ഞാൻ ദീർഘനേരം എന്റെ പൗരോഹിത്യസ്വീകരണത്തിന്റെ അറുപതാം വാർഷികത്തിന്റെ അനുസ്മരണം നിങ്ങളുമായി പങ്കുവച്ചു' എന്നു പ്രസ്താവിക്കുകയും ഈ തിരുനാൾദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും പാലിയസ്വീകരണത്തെപ്പറ്റിയും പരിശുദ്ധപിതാവ് തുടർന്നു സംസാരിക്കുകയും ചെയ്തു.

**ആശംസകൾ**

പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിന്റെ ഈ അവസരത്തിൽ എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തെലെമിയോ പ്രഥമനും അദ്ദേഹം അയച്ചിരുന്ന ഡെലഗേഷനും ബനഡിക്ട് പിതാവ് ആശംസകൾ അറിയിച്ചു. അതേത്തുടർന്ന്, അഭിവന്ദ്യ കർദിനാൾമാർക്കും മെത്രാന്മാർക്കും നയതന്ത്രപ്രതിനിധികൾക്കും റോമിലെ സിവിൽ അധികാരികളുടെ പ്രതിനിധികൾക്കും പരിശുദ്ധ പിതാവ് ആശംസകൾ നേർന്നു. തന്റെ സഹോദരനുൾപ്പെടെ അദ്ദേഹത്തോടൊപ്പം തിരുപ്പട്ടം സ്വീകരിച്ച വൈദികർക്കും പരിശുദ്ധപിതാവ് പ്രത്യേകം ആശംസകൾ അർപ്പിച്ചു.

**പാലിയം**

കഴിഞ്ഞവർഷത്തെ പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനുശേഷം നിയമിതരായ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പുമാരെ ഉടനെതന്നെ പാലിയം ധരിപ്പിക്കുകയാണ്. 'എന്റെ നുകം മധുരവും ചുമട് ലഘുവുമാകുന്നു' (മത്താ: 11, 29) എന്ന കാര്യമാണ് പാലിയം ധരിപ്പിക്കപ്പെടുമ്പോൾ നിങ്ങൾ സ്മരിക്കേണ്ടത്. മിശിഹായുടെ നുകം സത്യത്തിന്റെയും സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും നുകമാണ്. അജപാലകൻ എന്ന നിലയിൽ മറ്റുള്ളവരെ ഈ സ്നേഹവലയത്തിലേക്കു കൊണ്ടുവരാനുള്ള ചുമതലയാണ് ചുമലിൽ അണിയിക്കപ്പെടുന്ന ഈ പാലിയം സൂചിപ്പിക്കുന്നത്. ഇത്രയും വിശദമാക്കിയതിനുശേഷം പാലിയത്തിന്റെ മറ്റൊരു ഉൾക്കാഴ്ച ബനഡിക്ട് പിതാവ് പങ്കുവയ്ക്കുന്നു.

**ദൈവത്തിന്റെ കുഞ്ഞാട്**

വിശുദ്ധ ആഗ്നസിന്റെ തിരുനാളിൽ (ജനുവരി 21) മാർപാപ്പാ ആശീർവദിക്കുന്ന ചെമ്മരിയാടുകളിൽനിന്നു പാകമാകുമ്പോൾ കത്രിച്ചെടുക്കുന്ന ധവളരോമങ്ങൾകൊണ്ടു തയ്യാറാക്കുന്ന നൂലുകളാൽ നെയ്തെടുക്കപ്പെട്ട കമ്പിളികൊണ്ടാണ് പാലിയം എന്ന തിരുവസ്ത്രം തയ്ച്ചെടുക്കുന്നത്. ഈ ചുമതല നൂറ്റാണ്ടുകളായി റോമിലെ വിശുദ്ധ സിസിലിയായുടെ മഠത്തിലെ ബനഡിക്റ്റെൻ സന്ന്യാസിനികൾക്കാണ്. മനുഷ്യകുലത്തെ രക്ഷിക്കുവാനായി പെസഹാക്കുഞ്ഞാടിന്റെ സ്ഥാനത്ത് ബലിയർപ്പിക്കപ്പെട്ട ഈശോമിശിഹായ്ക്ക് നമ്മോടുള്ള സ്നേഹമാണ് ഇവിടെ അനുസ്മരിക്കേണ്ടത്. മരുഭൂമിയിലും മലമ്പ്രദേശത്തും വഴി തെറ്റിയ ആടുകളെത്തേടി അലഞ്ഞ ഈശോ മനുഷ്യവംശത്തെ തോളിലേറ്റി ദൈവത്തിന്റെ ആലയിലേക്കു തിരിച്ചെത്തിച്ചു. അജപാലകർ എന്ന നിലയിൽ നമ്മളും മറ്റുള്ളവരെ തോളിലേറ്റി കർത്താവിന്റെ പക്കലെത്തിക്കണം. കർത്താവിന്റെ അജഗണമാണത്. നമ്മുടെ അജഗണമായി മാറുന്നില്ല.

പാലിയം സഭയിലെ മെത്രാന്മാർക്ക് മാർപാപ്പായോടും അദ്ദേഹത്തിന്റെ പിൻഗാമികളോടുമുള്ള ഐക്യത്തെയും സൂചിപ്പിക്കുന്നു. നമ്മൾ ആളുകളെ കർത്താവിങ്കലേക്കാണു നയിക്കുന്നത് എന്നതിന്റെ ഗാരന്റിയാണ് ഈ ഐക്യം.

തന്റെ പൗരോഹിത്യസ്വീകരണത്തിന്റെ അറുപതാം വാർഷികത്തെ അടിസ്ഥാനമാക്കി വളരെ സമയം സംസാരിക്കാൻ കർത്താവ് തന്നെ പ്രേരിപ്പിച്ചു. അതുവഴി മെത്രാന്മാരും വൈദികരും വിശ്വാസികളുമായ നിങ്ങൾക്കു കർത്താവ് എന്നെ തന്റെ സ്നേഹിതനാക്കിയതിലുള്ള നന്ദി പ്രകാശിപ്പിക്കാനും നിങ്ങൾ എല്ലാവരെയും പ്രോത്സാഹിപ്പിക്കാനുമാണ് ഞാൻ ശ്രമിച്ചത്.

ഒരുനാൾ അനന്തനന്മസ്വരൂപിയായ കർത്താവ് നമ്മെ സ്വീകരിക്കുകയും സ്വർഗീയാനന്ദത്തിൽ പങ്കുകാരാകുകയും ചെയ്യട്ടെ എന്ന പ്രാർഥനയോടെയാണ് ബനഡിക്ട് മാർപാപ്പാ തന്റെ പ്രസംഗം സമാപിപ്പിച്ചത്. ■

---

13

# അപ്പൻ

കുടുംബവിളക്ക്



ഫാ. തോമസ് പാട്ടത്തിൽചിറ CMF

അപ്പനെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവ കുടുംബങ്ങൾക്കു കഴിയണം. പിതാവാണ് കുടുംബത്തിന്റെ കാരണവും നാഥനും. കുടുംബത്തിന്റെ വാഴ്ചയും വീഴ്ചയും അപ്പനെ ആശ്രയിച്ചാണിരിക്കുക. അതുകൊണ്ടുതന്നെ, ഭവനാംഗങ്ങൾ എല്ലാവർക്കും അദ്ദേഹത്തെപ്പറ്റിയുള്ള ചിന്തയുണ്ടായിരിക്കണം. അപ്പന്റെ ആരോഗ്യാനാരോഗ്യങ്ങളാണ് കുടുംബത്തിന്റെയും. ആകയാൽ, ആ മനസ്സു വിഷമിക്കുന്നവിധത്തിലുള്ള വാക്കുകളോ വർത്തമാനങ്ങളോ കുടുംബാംഗങ്ങളിൽനിന്ന് ഉണ്ടാകരുത്. കുടുംബത്തിലെ കുറവുകൾ പരിഹരിക്കുന്നവനും ആകുലതകളെ ആദ്യം അറിയുന്നവനുമാണ് അദ്ദേഹം. കുടുംബത്തെക്കുറിച്ച് ഏറ്റവും കൂടുതൽ ശ്രദ്ധയുള്ള വ്യക്തി. അദ്ദേഹത്തിന്റെ ആവശ്യങ്ങൾ അറിഞ്ഞു നിറവേറ്റിക്കൊടുക്കാൻ കുടുംബാംഗങ്ങൾ ഒരുപോലെ ബാധ്യസ്ഥരാണ്.

വേണ്ടപ്പെട്ടവർ ജീവിച്ചിരിക്കുമ്പോൾ അപ്പൻ അനാഥരാകരുത്. ജന്മം നല്കിയവൻ ഒരു ബാധയും ബാധ്യതയും ആകുന്നിടം കുടുംബമല്ല; കാട്ടുമൃഗക്കൂട്ടമാണ്. അപ്പൻ അപ്പമാണ്, കുടുംബത്തിന്റെ വിശപ്പകറ്റുന്നവൻ. അന്നത്തെക്കുറിച്ചെന്നപോലെ അപ്പനെപ്പറ്റിയുള്ള ഓർമയും കൂടെയുണ്ടാകണം. പിതാവ് വീടിന്റെ വാതിലാണ്. വാതിൽ സംരക്ഷണത്തിന്റെ പ്രതീകമാണ്. അപ്പനാണ് കുടുംബത്തിനു സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത്. ആ വാതിൽ ഇല്ലാതാകുമ്പോഴേ അതിന്റെ വില മനസ്സിലാകൂ. അപ്പനെ നഷ്ടപ്പെട്ടവർക്കേ ആ ശൂന്യതയുടെ നോവറിയൂ. 'അച്ഛനുണ്ടായിരുന്നെങ്കിൽ...' എന്ന് പിന്നീട് ഓർത്തു വിലപിക്കേണ്ടതായി വരാതിരുന്നാൽ നന്ന്. അപ്പന്റെ ഹൃദയതാളമാണ് കുടുംബത്തിന്റെ താളം. അതു തെറ്റാതെ നോക്കണം.

പിതാവ് ഏതു വരെ പഠിച്ചു എന്നല്ല, പിതാവിൽനിന്ന് ഞാൻ എന്തു പഠിച്ചു എന്നാണ് ഓരോരുത്തരും ചോദിക്കുന്നത്. അപ്പൻ അടയാളമാണ്. ദൈവത്തിന്റെ ജീവശ്വാസം ഇന്നും തലമുറകളിൽ തുടിക്കുന്നു എന്നതിന്റെ വ്യക്തമായ വെളിപാട്. 'എന്നെപ്പറ്റി ഇവിടാർക്കും ഒരു ചിന്തയുമില്ല' എന്നു നെടുവീർപ്പിട്ടുകൊണ്ട് ഒറ്റപ്പെട്ടു കഴിയുന്ന 'അച്ഛനുറങ്ങാത്ത വീട്' ഒരിടത്തും ഉണ്ടാകാതിരിക്കട്ടെ. നിനവിലും ഉണർവിലും പിതൃസ്മരണകൾ കാത്തുസൂക്ഷിക്കുന്നവരുള്ള ഭവനങ്ങൾ ഭാഗ്യപ്പെട്ടവ. അവയ്ക്ക് ദൈവമെന്ന പിതാവിന്റെ കാവലുണ്ടായിരിക്കും. ഓർക്കണം, അപ്പനെ മറക്കുന്ന കുടുംബമാണ് അപ്പൻ മരിച്ചതിനെക്കാൾ അനാഥം.

'പിതാവിനെ പരിത്യജിക്കുന്നത് ദൈവദൂഷണത്തിനു തുല്യമാണ്.' (പ്രഭാ. 3:16)

Deepanalam Weekly

RNI No : 16998/68
Vol. 56 No. 34 Date of Publication 26 Oct 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


## സ്നേഹസ്മരണയ്ക്ക്

12-ാം ചരമവാർഷികം
19-11-2023



കെ. ജെ. ദേവസ്യ
കൊറ്റത്തിൽ, ആറുമാനൂർ

8-ാം ചരമവാർഷികം
19-03-2024



ത്രേസ്യാമ്മ ദേവസ്യ
കൊറ്റത്തിൽ

7-ാം ചരമവാർഷികം
07-08-2023



റവ. ഫാ. അലക്സാണ്ടർ
കൊറ്റം M.S.F.S.

4-ാം ചരമവാർഷികം
07-11-2023



റവ. ഡോ. വിൽസൺ
കൊറ്റം M.S.F.S.

"യേശു മരിക്കുകയും വീണ്ടും ഉയിർക്കുകയും ചെയ്തു എന്നു നാം വിശ്വസിക്കുന്നതുപോലെ, യേശുവിൽ നിദ്രപ്രാപിച്ചവരെ ദൈവം അവനോടുകൂടെ ഉയിർപ്പിക്കും" (1 തെസ. 4:14)

കുടുംബാംഗങ്ങൾക്കുവേണ്ടി : കൊറ്റത്തിൽ ആയുർവേദ ഹോസ്പിറ്റൽ, അയർക്കുന്നം Ph: 9447054461

60 Years Trust KTS Products SINCE 1995

## Tastit
ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015 CERTIFIED COMPANY

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

34 വർഷത്തെ സേവനപാരമ്പര്യം

## നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn; അരുണാപുരം പി.ഒ., പാലാ
Govt. V.H.S.S. നു സമീപം പൊൻകുന്നം
Ph: 9495195739, 9495021259

HINDI TTC
എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം കൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities
6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation
Co-Operation
M.A. - Malayalam, History
Regular, Postal & Holiday Classes

## PALA STEEL & CEMENTS
Market Road, Pala
Ph: 04822-212977, 211882, 9447114015, 9778137731

Authorised Dealers in:
JSW NEOSTEEL PURE TMT BARS
RAMCO SUPER GRADE
durashine TATA BLUESCOPE STEEL
TATA TISCON JOY OF BUILDING
METCON TMT BARS
TATA STRUCTURA

YOUR PERFECT RIDING PARTNER DJ CYCLES

## DJ CYCLES
പാലാ - പൊൻകുന്നം റോഡ്
മുരിക്കുംപുഴ - പാലാ


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org